# പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 12
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
മാർച്ച് 2016



‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ’



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

മാർച്ച് 2016


# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 മണ്ടേല മുതൽ സ്റ്റീവ് ജോബ്സ് വരെ
ഡോ. എം.കെ. മുനീർ

8 സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2016





11 കൃഷി ആസൂത്രണം മികവുറ്റതാക്കാൻ മണ്ണുപര്യവേഷണ റിപ്പോർട്ടുകൾ വഴികാട്ടി
എം.എ. സുധീർ ബാബു






15 പഞ്ചായത്തീരാജ് സംവിധാനം മാറുന്ന കാലത്തെ ഭാവിയും പ്രസക്തിയും
രശ്മി മോഹൻ

19 ഉത്സവത്തിന്റെ ആരവങ്ങൾ
ബിന്ദുരാജ് എം.എ





21 പുനർജനിക്കേണ്ട ഗ്രാമചിന്തകൾ
മുരളീധരൻ തഴക്കര



23 പ്രോജക്ട് നമ്പർ വൺ / കഥ
വിഷ്ണു എൻ

25 കാർഷിക മേഖലയുടെ നവോത്ഥാനം കേരളത്തിന്റെ നിലനില്പിന് അനിവാര്യം
സി.വി. രമേഷ്.





28 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് പുതിയ സാരഥികൾ





30 നമ്മിലൊരാളിന്റെ നിദ്രയ്ക്കു കാവലായ് / കവിത
സുരേഷ് എസ്.പി.

31 അന്വേഷണം / കഥ
ഇടപ്പോൺ അജികുമാർ

# നിയമസഭാ തെരഞ്ഞെടുപ്പ് മെയ് 16 ന്

കേരള നിയമസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് മെയ് 16 ന് നടക്കും. 140 മണ്ഡലങ്ങളുള്ള കേരളത്തോടൊപ്പം തമിഴ്നാട്, പുതുച്ചേരി, പശ്ചിമബംഗാൾ, ആസാം എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് തീയതികളും പ്രഖ്യാപിച്ചു. ഇതോടെ അഞ്ച് സംസ്ഥാനങ്ങളിലും പെരുമാറ്റച്ചട്ടം നിലവിൽ വന്നു. അഞ്ച് സംസ്ഥാനങ്ങളിലും വോട്ടെണ്ണൽ മെയ് 19 നാണ്.

ഏപ്രിൽ 22 ന് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന കേരളത്തിൽ നാമനിർദ്ദേശ പത്രിക ഏപ്രിൽ 29 വരെ സ്വീകരിക്കും. ഏപ്രിൽ 30 ന് സൂക്ഷ്മപരിശോധന നടക്കും. മെയ് 2 വരെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാം മെയ് 21 ഓടെ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ പൂർത്തിയാകും.

ആദ്യമായി സ്ഥാനാർത്ഥികളുടെ ചിത്രം വോട്ടിംഗ് യന്ത്രത്തിൽ കാണിക്കുന്ന തെരഞ്ഞെടുപ്പാണിത്. വോട്ടിംഗ് യന്ത്രത്തിന്റെ വിശ്വാസ്യത ഉറപ്പ് വരുത്താൻ ചെയ്ത വോട്ടിന്റെ ശീട്ട് യന്ത്രത്തിൽ നിന്ന് ലഭിക്കുന്ന വോട്ട് ശീട്ട് (വി വി പാറ്റ്) സംവിധാനം വ്യാപകമായി പരീക്ഷിക്കപ്പെടുന്ന ആദ്യതെരഞ്ഞെടുപ്പാണിത്. കൂടാതെ ആദ്യമായി സ്ഥാനാർത്ഥികളുടെ ചിത്രം വോട്ടിംഗ് യന്ത്രത്തിൽ കാണിക്കുന്ന തെരഞ്ഞെടുപ്പ് എന്ന പ്രത്യേകതയും ഉണ്ട്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 'നോട്ട'യ്ക്ക് (നിഷേധ വോട്ട്) ആദ്യമായി ചിഹ്നവും ഏർപ്പെടുത്തിയിട്ടുണ്ട്.

---

## Statement about ownership and other particular about the Panchayat Raj (Monthly) to be published in the first issue every year after the last day of February – From IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of the Publication | : | Monthly |
| 3. | Printers Name | : | C.A. Latha IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats<br>Thiruvananthapuram 33 |
| 4. | Publishers Name | : | C.A. Latha IAS |
| 5. | Editors Name | : | C.A. Latha IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram 33 |
| 6. | Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital | : | Government of Kerala |

I C.A. Latha IAS hereby declare that the Particulars given above are true to the best of my knowledge and belief.

Thiruvananthapuram
01-03-2016

Sd/-
Director of Panchayats

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2016 | പുസ്തകം 55 | ലക്കം 12 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**

പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**അഡ്വ. പി. വിശ്വംഭരപണിക്കർ**

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**അജ്മൽ ജെ.**

പബ്ലിസിറ്റി ഓഫീസർ

പഞ്ചായത്ത് വകുപ്പ്

കൺവീനർ

**സി.എ. ലത ഐ.എ.എസ്.**

പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

**സി.എ. ലത ഐ.എ.എസ്.**

email: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**അജ്മൽ ജെ.**

email: prmdp2015@gmail.com

Ph: 0471-2321280

Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.


# എഡിറ്റോറിയൽ

കേരളത്തിൽ നിയമസഭാ പൊതുതിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചു കഴിഞ്ഞു. മെയ് മാസം 16 നാണ് പൊതുതിരഞ്ഞെടുപ്പ് നടക്കുക. ഇതോടൊപ്പം തന്നെ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടവും നിലവിൽ വന്നു കഴിഞ്ഞു. ഇതിന്റെ പശ്ചാത്തലത്തിൽ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബജറ്റിൽ നിലവിൽ തുടർന്നു വരുന്ന പദ്ധതികളും, ശമ്പളം, ദൈനംദിന ചെലവുകൾ തുടങ്ങിയവയ്ക്കുള്ള വിഹിതം എന്നിവ മാത്രമേ ഉൾപ്പെടുത്താവു എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിന് വിരുദ്ധമായ കാര്യങ്ങൾ സംഭവിക്കാതിരിക്കുവാൻ പഞ്ചായത്ത് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2014-15 വർഷത്തെ സ്വരാജ് ട്രോഫിക്കർഹരായ എല്ലാ ഗ്രാമ പഞ്ചായത്തുകളേയും ഈ അവസരത്തിൽ അനുമോദിക്കുകയാണ്. കേരളത്തിലെ പല ഗ്രാമ പഞ്ചായത്തുകളും ഇന്ത്യക്കു തന്നെ മാതൃകയാകും വിധത്തിലുള്ള വികസന ക്ഷേമപദ്ധതികളാണ് നടത്തിവരുന്നത്. ഇത്തരത്തിൽ മാതൃകാപരമായ വികസന ക്ഷേമ പ്രവർത്തനം നടത്തുന്ന പഞ്ചായത്തുകളെ തിരഞ്ഞെടുത്ത് ആദരിക്കുന്നത് കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം മാതൃക പ്രവർത്തനങ്ങളുമായി മുന്നോട്ടു വരുന്നതിന് പ്രചോദനം ആകുന്നതിനു വേണ്ടിയാണ്. കൂടാതെ നൂതന ക്ഷേമ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ഗ്രാമ പഞ്ചായത്തുകൾ തമ്മിൽ ആരോഗ്യപരമായ ഒരു മത്സരസ്വഭാവം ഉണ്ടാകുന്നതിനും ഇതു കാരണമാകേണ്ടതുണ്ട്.

പല മേഖലകളിലും മികവുറ്റ പ്രവർത്തനം കാഴ്ചവെച്ച ധാരാളം ഗ്രാമ പഞ്ചായത്തുകൾ നമുക്കുണ്ട്. എങ്കിലും ചില അനിവാര്യ മേഖലകളിലെ മോശം പ്രകടനം മൂലം ഇവർ പിൻതള്ളപ്പെട്ടു പോയ അവസ്ഥയുമുണ്ട്. ഇത് ഓർമ്മിപ്പിക്കുന്നത് ഏതെങ്കിലും ചില മേഖലകളിലെ മികവുറ്റ പ്രകടനം മാത്രമല്ല സമസ്ത മേഖലകളും ഉൾപ്പെടുത്തികൊണ്ടുള്ള സമഗ്ര വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാണ് ഒരു ഗ്രാമ പഞ്ചായത്ത് ചുക്കാൻ പിടിക്കേണ്ടത് എന്ന വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന തത്ത്വമാണ്. ഇത്തരത്തിലുള്ള പോരായ്മകളെല്ലാം പരിഹരിച്ച് കൂടുതൽ ആരോഗ്യപരമായ മത്സരം അടുത്ത തവണത്തെ സ്വരാജ് ട്രോഫിക്ക് വേണ്ടി ഉണ്ടാകട്ടെ എന്ന് ആശിക്കുന്നു.

പദ്ധതി നിർവ്വഹണത്തിന്റെ അവസാന ദിവസങ്ങളിലാണ് നാം എത്തി നിൽക്കുന്നത്. തദ്ദേശഭരണ തെരഞ്ഞെടുപ്പ് മൂലം ഉണ്ടായ മന്ദതയിൽ നിന്നും നാം ഏറെ മുന്നോട്ട് പോയിരിക്കുന്നു. പൊതു തെരഞ്ഞെടുപ്പ് വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ സാധാരണയായി ഉണ്ടാകാറുള്ള പോരായ്മകൾ ഇത്തവണയും ഉണ്ടായി എന്നത് ക്ലേശകരമാണെങ്കിലും അത് പരിഹരിച്ച് മുന്നോട്ട് പോകുവാൻ നാം ഏവർക്കും സാധിച്ചു എന്നത് പ്രതീക്ഷ നൽകുന്ന വസ്തുതയാണ്.

**സി.എ. ലത ഐ.എ.എസ്.**

പഞ്ചായത്ത് ഡയറക്ടർ



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

# മണ്ടേല മുതൽ സ്റ്റീവ് ജോബ്സ് വരെ

അടങ്ങാത്ത ഇച്ഛാശക്തിയുടെയും മനുഷ്യസ്നേഹത്തിന്റെയും അഗാധസഹന ത്തിന്റെയും ഉജ്ജ്വല പ്രതീകമായിരുന്നു കറുത്ത വർഗത്തിന്റെ വിമോചകനായി അനശ്വരനായ നെൽസൺ മണ്ടേല. ലോകം കണ്ട അപൂർവ പ്രതിഭകളിൽ ഒരാൾ. ലോകത്തെയും താരാപഥങ്ങളെയും വിരൽത്തുമ്പുകളിൽ ആവാഹിച്ച് വികസ്വരമാക്കാൻ കഴിയുന്ന നൂതന കമ്പ്യൂട്ടർ (ആപ്പിൾ) സംവിധാനം വികസിപ്പിച്ചെടുത്ത് ആധുനിക ലോക സൃഷ്ടിയിൽ അനശ്വരസ്ഥാനം ഉറപ്പിച്ച മഹാനാണ് സ്റ്റീവ് ജോബ്സ്. മണ്ടേലയെയും ജോബ്സിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന അദൃശ്യമായ കണ്ണി എന്താണ്? ഒരു നിമിഷം നമ്മൾ ചിന്തിച്ചു പോയേക്കാം. ഇരുവരും ദത്തെടുക്കപ്പെട്ട കുട്ടികളായിരുന്നു. തീരെ കുഞ്ഞായിരിക്കുമ്പോൾ പിതാവ് നഷ്ടപ്പെട്ട കുട്ടിയായിരുന്നു നെൽസൺ മണ്ടേല. അദ്ദേഹത്തെ കനിവുള്ള ഒരു മനുഷ്യൻ ദത്തെടുത്ത് വളർത്തുകയായിരുന്നു എന്ന ചരിത്രം അറിയുന്നവരാണ് നമ്മൾ. പോൾ, ക്ലാര ജോബ്സ് ദമ്പതികൾ സാൻഫ്രാൻസിസ്കോയിൽ നിന്ന് ദത്തെടുത്ത കുട്ടിയാണ് ആപ്പിൾ കമ്പ്യൂറിന്റെ ഉപജ്ഞാതാവ് സ്റ്റീവ് ജോബ്സ്. സ്റ്റീവിന്റെ കഴിവുകൾ കണ്ടറിഞ്ഞ് ഈ ദമ്പതികൾ പ്രോത്സാഹിപ്പിക്കുകയും അദ്ദേഹം വിജയത്തിന്റെ നെറുകയിൽ എത്തുകയും ചെയ്തു.


ഏറ്റവും ലാവണ്യവതിയായ അഭിനേത്രിയായിരുന്നു മരിലിൻ മൺറോ. ബാല്യം അതീവ ദരിദ്രവും ദുരിതമയവുമായിരുന്നു. ഓർഫനേജിലായിരുന്നു കുട്ടിക്കാലം. മനസ്സിന്റെ താളം തെറ്റിയ അമ്മ. ഒരു കുടുംബം പതിനൊന്നാം വയസ്സിൽ മരിലിനെ ഓർഫനേജിൽ നിന്നും ദത്തെടുത്തു. ഹോളിവുഡ് സിനിമകളിലൂടെ ലോകം കീഴടക്കിയ മരിലിനെയാണ് പിന്നീട് നമ്മൾ കണ്ടത്. റിച്ചാർഡ് ബർട്ടൺ അഭിനയത്തിലെ കരുത്തിന്റെ പ്രതീകമായിരുന്നു. 'ക്ലിയോപാട്ര' തുടങ്ങിയ വിശ്വസിനിമകൾ ആ പ്രതിഭയെ അനശ്വരനാക്കി. ബർട്ടന്റെ ബാല്യകാല അഭയം ദത്തിലായിരുന്നു. കവിയും എഴുത്തുകാരനുമായ എഡ്ഗാർ അലൻ പോയുടെ സർഗസിദ്ധികൾ വികസ്വരമായത് അദ്ദേഹത്തെ ദത്തെടുത്ത മാതാപിതാക്കളുടെ പരിലാളനയിലാണ്. ഈ ജീവിതങ്ങൾ നമുക്ക് മുന്നിൽ ഉദാഹരണങ്ങളായി മാറുന്നത് ദത്ത് ജീവിത വിജയത്തിന് തടസ്സമല്ല എന്നതിനാണ്.


തനിക്ക് ജന്മം നൽകിയ വ്യക്തികളിൽ നിന്നും സ്ഥിരമായി വേർപ്പെട്ട

കുട്ടി വേറെ രക്ഷാകർത്താക്കളുടെ നിയമപ്രാബല്യമുള്ള കുട്ടി ആവുന്ന പ്രക്രിയയാണ് ദത്തെടുക്കൽ. കുട്ടിയുടെ അവകാശങ്ങൾ, അവരോടുള്ള ഉത്തരവാദിത്തം, അവർക്ക് ലഭിക്കേണ്ട സവിശേഷ വാത്സല്യവും പരിലാളനയും ഇവയൊക്കെ ദത്തെടുക്കലിലും സംരക്ഷിക്കപ്പെടണം. രാജ്യത്തിനകത്തെ ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുകയും രാജ്യാന്തര തലത്തിലുള്ള ദത്തിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്ന ഏജൻസിയാണ് CARA (Central Adoption Resource Agency).

Adoptive constellation എന്നത് ഇന്ന് ഒരു കേവല സങ്കൽപ്പമല്ല. അത് യാഥാർത്ഥ്യമാണ്. ദത്തെടുക്കപ്പെട്ട കുട്ടി, ജന്മം നൽകിയ രക്ഷിതാക്കൾ, ദത്തെടുത്ത രക്ഷിതാക്കൾ എന്നിവർ ചേർന്നതാണ് ഈ constellation. ദത്ത് എന്ന മഹനീയ പ്രക്രിയയുടെ വ്യത്യസ്ത വൈകാരിക, ബോധമണ്ഡലങ്ങൾ ക്രിയാത്മകമായി ഈ കൂട്ടായ്മ ഉൾക്കൊള്ളണം. സ്വന്തം മാതാപിതാക്കളെ വേർപിരിയുന്ന ദു:ഖം കുട്ടി തീവ്രമായി അനുഭവിച്ചു എന്ന് വരാം. കൗമാരം വ്യക്തിത്വ വികസനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഘട്ടമാണ്. ഈ അവസരത്തിൽ വ്യക്തിത്വത്തിന്റെയും ആത്മാഭിമാനത്തിന്റെയും പ്രശ്നങ്ങൾ ഉയർന്നുവരാം. എന്നാൽ ദത്തെടുക്കപ്പെട്ടവരുടെ സമൂഹം രൂപപ്പെടുകയും പരസ്പരം ആശയവിനിമയം നടത്താനുള്ള വേദി രൂപപ്പെടുകയും ചെയ്താൽ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാകും എന്ന് കണ്ടെത്തിയിട്ടുണ്ട്. പൊതുധാരയിൽ ലയിച്ചുചേരുന്ന മനുഷ്യരാശിയുടെ വൈവിധ്യത്തിന്റെ ഭാഗമായി ഈ പ്രക്രിയയെ ലോകം കാണണം.

നമ്മൾ ഏകോദരസഹോദരരെങ്കിൽ, നമ്മുടേത് ഏകലോകമെങ്കിൽ, നമ്മുടെ കരയും കാറ്റും കടലും ഒന്നെങ്കിൽ നാമെല്ലാവരും യഥാർത്ഥത്തിൽ ആ വിശ്വൈക ശിൽപ്പിയുടെ ദത്തല്ലേ?










# സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2016





ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം എറണാകുളം ജില്ലയിലെ കറുകുറ്റി പഞ്ചായത്തിലെ അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു. പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഉദ്ഘാടന സമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ചു.

പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ സെമിനാറുകളും അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്താനുതകുന്ന ചർച്ചകളും നടന്നു.

പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഒന്നാം ദിനത്തിൽ കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു പതാക ഉയർത്തിയതോടുകൂടി ആഘോഷപരിപാടികൾക്ക് തുടക്കമായി. ഇതിനോടനുബന്ധിച്ച് നടന്ന എക്സിബിഷൻ ഉദ്ഘാടനം എറണാകുളം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ആശാ സനിൽ നിർവ്വഹിച്ചു.

രാവിലെ പത്ത് മണിമുതൽ "പഞ്ചായത്ത് രാജ് പിന്നിട്ട രണ്ട് പതിറ്റാണ്ടുകൾ-പ്രതീക്ഷയും പ്രസക്തിയും" എന്ന വിഷയത്തിൽ സെമിനാർ നടന്നു. ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ ചെയർമാൻ കുട്ടി അഹമ്മദ് കുട്ടി



ഉദ്ഘാടനം ചെയ്ത സെമിനാറിൽ സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സി.പി. ജോൺ, കെ.എസ്. യു.ഡി.പി. ഡയറക്ടർ ആർ. ഗിരിജ ഐ.എ.എസ്., മുൻ കിലാ ഡയറക്ടർ പ്രൊഫ. രമാകാന്തൻ എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്ക് 12.15 മുതൽ "നൂതന വികസന മാതൃകകൾ- ഒരെത്തിനോട്ടം" എന്ന വിഷയത്തെ ആസ്പദമാക്കി ഡിജിറ്റൽ അവതരണം നടന്നു. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള നൂതന വികസന മാതൃകകൾ അവതരിപ്പിച്ചു.

ഉച്ചയ്ക്ക് ശേഷം 2.30 മുതൽ "ഗ്രാമസ്വരാജും, പൗരശാക്തീകരണവും- ആശയവും, സമീപനവും" എന്ന വിഷയത്തിൽ സെമിനാർ നടന്നു. സെമിനാർ കില ഡയറക്ടർ പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വകുപ്പിലെ മുൻ അഡി. ഡയറക്ടർ എ. സെയ്ദ് വിഷയം അവതരിപ്പിച്ച് സംസാരിച്ചു. സെമിനാറിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എം.പി. ജാഫർ സംസാരിച്ചു.

വൈകിട്ട് 5 മണി മുതൽ 7 മണിവരെ മൂന്നാമത്തെ സെമിനാർ നടന്നു. "വിവരസാങ്കേതികവിദ്യയുടെ പ്രസക്തി തദ്ദേശഭരണസ്ഥാപനങ്ങളിൽ" എന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരുന്നു ഇത്. ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സി.പി. സുരേഷ് കുമാർ, ആർ. ജി.പി.എസ്.എ. ടീം ലീഡർ ജയചന്ദ്രൻ എന്നിവർ സെമിനാറിൽ പങ്കെടുത്ത് വിഷയങ്ങൾ അവതരിപ്പിച്ചു.

ഉദ്ഘാടന സമ്മേളനം വൈകുന്നേരം 7.30 ന് ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതം ആശംസിച്ചു. ചടങ്ങിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ചു. സമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് ചടങ്ങിൽ പങ്കെടുത്തു.

ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ച ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി വിതരണം നടന്നു. സംസ്ഥാനത്ത് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയ പഞ്ചായത്തുകൾക്കുള്ള പുരസ്കാരവും, തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവച്ച പഞ്ചായത്തു









കൾക്കുള്ള മഹാത്മാ പുരസ്കാരവും ചടങ്ങിൽ വിതരണം ചെയ്തു. സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുള്ള പുരസ്കാരവും ചടങ്ങിൽ വച്ച് സമ്മാനിച്ചു. ചടങ്ങിൽ പഞ്ചായത്ത് ഡയറക്ടർ സി.എ. ലത ഐ.എ.എസ്. കൃതജ്ഞത രേഖപ്പെടുത്തി.

ഉദ്ഘാടന സമ്മേളനത്തിന് ശേഷം വേദിയിൽ വിവിധ കലാപരിപാടികൾ നടന്നു.

പഞ്ചായത്ത് ദിനാഘോഷത്തിന്റെ രണ്ടാം ദിവസം രാവിലെ 10 മണിമുതൽ നാലാം സെമിനാർ നടന്നു. "ഖരമാലിന്യ സംസ്കരണവും, പരിസ്ഥിതി സംരക്ഷണവും" എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു ഈ സെമിനാർ. സെമിനാറിൽ കിലയിലെ പ്രൊഫ. ഡോ. സണ്ണി ജോർജ്ജ് മോഡറേറ്ററായിരുന്നു. ക്ലീൻ കേരള മാനേജിംഗ് ഡയറക്ടർ കബീർ ബി. ഹാറൂൺ വിഷയാവതരണം നടത്തി സംസാരിച്ചു. സെമിനാറിൽ കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർ ടാനി തോമസ് സംസാരിച്ചു.

ഉച്ചയ്ക്ക് നടന്ന സമാപന സമ്മേളനം ജോസഫ് വാഴയ്ക്കൽ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തുടർച്ചയായി 25 വർഷം പൂർത്തീകരിച്ച ത്രിതല പഞ്ചായത്തുകളിലെ നിലവിലുള്ള അംഗങ്ങളെ ആദരിച്ചു. ചടങ്ങിൽ സാഹിത്യനിരൂപകൻ എം.കെ. ഹരികുമാർ പങ്കെടുത്തു. ചടങ്ങിന് ജനറൽ കൺവീനറും, എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമായ കെ. അർജ്ജുനൻ കൃതജ്ഞത രേഖപ്പെടുത്തി. ഇതോടുകൂടി ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷ പരിപാടികൾക്ക് സമാപനമായി.





എം.എ. സുധീർ ബാബു



# കൃഷി ആസൂത്രണം മികവുറ്റതാക്കാൻ മണ്ണുപര്യവേഷണ റിപ്പോർട്ടുകൾ വഴികാട്ടി

മണ്ണും, കൃഷിയും വേർപിരിക്കാനാകാത്ത പൊക്കിൾകൊടി ബന്ധമുള്ള ഘടകങ്ങളാണ്. മണ്ണറിഞ്ഞ് കൃഷി ചെയ്താൽ കിണ്ണം നിറയെ ചോറുണ്ണാം. 'മണ്ണറിഞ്ഞ് വിത്തെറിയണം'. മണ്ണും പെണ്ണും നാടിന് പൊന്ന്. മണ്ണും, പെണ്ണും നന്നാക്കുന്തോറും മികച്ചത്. ഇത്യാദി പഴമൊഴികൾ കേട്ടു തഴമ്പിച്ചവയാണ്. എന്നാൽ ഇതിലെല്ലാം യാഥാർത്ഥ്യങ്ങളുടെ സത്തടങ്ങിയിട്ടുണ്ട്.

2016 അന്താരാഷ്ട്ര പയർവിള വർഷമായി ആചരിക്കുകയാണ്. ഇതിനു മുന്നോടിയായി 2015 അന്താരാഷ്ട്ര മണ്ണു വർഷമായിട്ടും, 2014 അന്താരാഷ്ട്ര കുടുംബ കൃഷി വർഷമായിട്ടും നാം ആചരിച്ചുവന്നിരുന്നു. എന്നാൽ മണ്ണിനെയും മണ്ണിലെ ഫലപുഷ്ടി മെച്ചപ്പെടുത്താൻ ഗുണം ചെയ്യുന്ന പയർവിളകളെയും നാം വേണ്ടമാതിരി പരിഗണിച്ചിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തണം.

മുൻകാലങ്ങളിലെ (പഴയ തലമുറയിലെ) കർഷകർ, മണ്ണിനെ വിശുദ്ധമായി സ്നേഹിച്ചും, മണ്ണിനെ നോവിക്കാതെ, ഇക്കിളിപ്പെടുത്തി ഉർവ്വരതയുണർത്തി, വിളവുത്പ്പാദിപ്പിച്ചും സുസ്ഥിരമായ കാർഷികോത്പ്പാദനം നിലനിർത്തി വന്നിരുന്നു. എന്നാൽ ഇടയ്ക്കെവിടെയോവെച്ച് താളംതെറ്റിയതിനാൽ മണ്ണിന്റെ ആരോഗ്യവും മണ്ണിന്റെ സമനില തെറ്റുന്ന തരത്തിലുള്ള ചില പ്രവർത്തനങ്ങളുടെ ഫലമായി മണ്ണ് മലിനപ്പെടുകയോ, മണ്ണ് ക്ഷയിക്കുകയോ ചെയ്തു. ഇത് മാറ്റുന്നതിന് സമഗ്രമായ സമീപനമാണാവശ്യം. കൃഷി ചെയ്യുന്ന വിളകളിൽ നിന്ന് പ്രതീക്ഷിക്കുന്ന പ്രകടനം ഇല്ലാതെ വരികയും, പറയുന്ന വിളവ് കിട്ടാതിരിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. ഇത് കാര്യമാക്കാതെയുള്ള തോന്നിയമാതിരിയുള്ള രാസവളപ്രയോഗവും കാർഷിക മുറകളവലംബിച്ചത് പ്രശ്നം ഗുരുതരമാക്കി.

നമ്മുടെ ഭാരതത്തിന്റെ പട്ടിണി മാറ്റി ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്കെത്തിച്ച്, നമ്മുടെ രാജ്യത്ത് ഭക്ഷ്യ ധാന്യ ഇറക്കുമതി നിർത്തി, മറ്റു ലോകരാഷ്ട്രങ്ങൾക്കിടയിൽ തലയുയർത്തി നിൽക്കാൻ വഴി വെച്ചത് ഡോ. എം.എസ്. സ്വാമിനാഥന്റെ നേതൃത്വത്തിൽ "ഹരിതവിപ്ലവം" (Green Revolution) പ്രചരിപ്പിച്ചതിലൂടെയാണെന്ന്, ആരും വിസ്മരിക്കരുത്.

ലോകത്തിന്റെ പല ഭാഗങ്ങളിലും വിശപ്പിന്റെ വിളികൾ ഇന്നും യാഥാർത്ഥ്യത്തിന്റെ ദുരന്തമായി നിൽക്കുന്നതുകാണാം. അതിനാൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ ശരിയായ ഉപയോഗം ഗുണമേ ചെ

യ്യുമെന്ന് തിരിച്ചറിയുക.

അശാസ്ത്രീയമായ ഭൂവിനിയോഗം താളംതെറ്റിയ ഭൂവികസന നടപടികൾ, അമിതമായ രാസവള പ്രയോഗം, കണക്കു തെറ്റിച്ചിട്ടുള്ള രാസകീടരോഗകളനാശിനി പ്രയോഗം, നാടൻ വിത്തുകളെ തഴഞ്ഞുള്ള കൃഷിരീതി, ഭൂഗർഭജല സ്രോതസ്സിന്റെ അമിതമായ ചൂഷണം, ജലസേചനത്തിലെ അശാസ്ത്രീയ സമീപനം, വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മവഴി വരുന്ന വികസന മുരടിപ്പ് ഇവയെല്ലാം കാർഷികമേഖലയെയും ബാധിച്ചിട്ടുണ്ട്. എന്നാൽ, ശരിയായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ നമ്മുടെ കർഷകർ, ഇന്ന് മാറ്റത്തിന്റെ പാതയിലാണുള്ളത്. 'മണ്ണിന്റെ ആരോഗ്യം, മനുഷ്യന്റെ ആരോഗ്യംപോലെതന്നെ ഏറെ പ്രാധാന്യമുള്ളതാണെന്ന് നമ്മുടെ കർഷകർ തിരിച്ചറിഞ്ഞിട്ടുണ്ട്. ദേശീയ തലത്തിൽ തന്നെ മണ്ണിന്റെ ആരോഗ്യം തിരിച്ചറിഞ്ഞ് "മണ്ണാരോഗ്യ കാർഡുകൾ" (സോയിൽ ഹെൽത്ത് കാർഡ്) നൽകിവരുന്ന പദ്ധതി വലിയ പ്രചാരമാണ് നേടിയത്. നമ്മുടെ നാട്ടിലും ഇത് വലിയ വിജയമായി വരികയാണ്. നമ്മുടെ സംസ്ഥാന കാർഷികനയം, ഏറെ ശ്രദ്ധേയമാണ്. ഇതിലെ പ്രധാനമായിട്ടുള്ള നൂറ്റിയൊന്ന് നിർദ്ദേശങ്ങളിൽ പ്രാദേശിക മണ്ണുപോഷണ പ്ലാനുകൾ ഉണ്ടാക്കണം എന്ന കാര്യം. മണ്ണിന്റെ സമഗ്രമായ ആരോഗ്യ പരിപാലനമാണ് ഉദ്ദേശിച്ചുള്ളത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പഞ്ചായത്തുതലത്തിൽ വിവിധ കാർഷിക വികസന പ്രവർത്തനങ്ങൾ കൃഷിഭവൻ വഴി നടത്തി വരുന്നുമുണ്ട്. ഇതിന് ശരിയായ ആസൂത്രണം (Planning) എല്ലാ തലത്തിലും ഉണ്ടായിരിക്കണം. മണ്ണുപര്യവേഷണ, മണ്ണു സംരക്ഷണ വകുപ്പിന്റെ മണ്ണുപര്യവേഷണ റിപ്പോർട്ടുകൾ (Soil Survey Reports) വികസന ആസൂത്രണത്തിൽ നിർബന്ധമാക്കണം. ഇതേപ്പോലെ കേരള ലാൻഡ് യൂസ് ബോർഡ്, നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൃഷി, മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പ്, മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പുകൾ, വി.എഫ്.പി.സി.കെ. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെയെല്ലാം പ്രവർത്തനങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയുള്ള ആസൂത്രണവും, പദ്ധതി നിർവ്വഹണവും നമുക്കാവശ്യമാണ്. ഇതിലെന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ പരിഹരിച്ച് മുന്നോട്ടുപോവുന്നത് കാർഷിക കേരളത്തിന്റെ വികസന കുതിപ്പിന് ശക്തിചേരും.

മണ്ണുപരിവേഷണ മണ്ണു സംരക്ഷണ വകുപ്പും, സംസ്ഥാനതലത്തിൽ വളരെയേറെ ജനകീയമായി വന്നിട്ടുണ്ട്.

മണ്ണുപര്യവേഷണം (സോയിൽ സർവ്വെ) മണ്ണുസംരക്ഷണം (സോയിൽ കൺസർവേഷൻ) എന്നീ രണ്ട് വിഭാഗമായി വികസനപ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു.

കൃഷിയുടെ നട്ടെല്ല് വിളവിറക്കുന്ന ഫലപുഷ്ടിയുള്ള മണ്ണാണ്. മണ്ണിനെ മറന്നുള്ള ഒരു കൃഷിയും വിജയിക്കില്ല. ഇതേവരെ, എവിടെയും മണ്ണിനെ മറന്ന് ചെയ്യുന്ന ഏതു പ്രവർത്തിയും മനുഷ്യകുലത്തിനു

**അശാസ്ത്രീയമായ ഭൂവിനിയോഗം താളംതെറ്റിയ ഭൂവികസന നടപടികൾ, അമിതമായ രാസവള പ്രയോഗം, കണക്കു തെറ്റിച്ചിട്ടുള്ള രാസകീടരോഗ കളനാശിനി പ്രയോഗം, നാടൻ വിത്തുകളെ തഴഞ്ഞുള്ള കൃഷിരീതി, ഭൂഗർഭജല സ്രോതസ്സിന്റെ അമിതമായ ചൂഷണം, ജലസേചനത്തിലെ അശാസ്ത്രീയ സമീപനം, വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മവഴി വരുന്ന വികസന മുരടിപ്പ് ഇവയെല്ലാം കാർഷികമേഖലയെയും ബാധിച്ചിട്ടുണ്ട്.**

തന്നെ നാശമേ വരുത്തിയിട്ടുള്ളൂ. അതിനാൽ ഇനി നാം മണ്ണിനെ മറന്നു മുന്നോട്ടു പോവാൻ പാടില്ല. മണ്ണുപര്യവേഷണത്തിലൂടെ തയ്യാറാക്കിയിരിക്കുന്ന വിശദമായ മണ്ണുപര്യവേഷണ റിപ്പോർട്ടുകൾ, പഞ്ചായത്തു തലത്തിലുള്ളവ, ഫലപ്രദമായി കാർഷിക ആസൂത്രണത്തിനുപയോഗപ്പെടുത്തണം.

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും, മണ്ണുപര്യവേഷണ ഓഫീസുകളും, ജില്ലാ മണ്ണുസംരക്ഷണ ഓഫീസുകളുമുണ്ട്.

പ്രകൃത്യാൽ, ഒരു ഭൂപ്രദേശത്ത് സ്ഥിതിചെയ്യുന്ന അല്ലെങ്കിൽ നിലവിലുള്ള മണ്ണിനെയും, വ്യത്യസ്ത മണ്ണിന്റെ ശ്രേണികളെയും കുറിച്ചു വിശദമായി മനസ്സിലാക്കാനും, അതിന്റെയടിസ്ഥാനത്തിൽ സോയിൽ മാപ്പുകൾ തയ്യാറാക്കാനും മണ്ണിന്റെ സ്വഭാവങ്ങളും, മേന്മകളും



സാധ്യതകളും, പോരായ്മകളും തിരിച്ചറിഞ്ഞ്, ഒരു പ്രദേശത്തെ ഭൂവിനിയോഗ തരംതിരിവും ജലസേചനത്തിന്റെ വിശദാംശങ്ങൾ ലഭിക്കുന്നതിനും, "സോയിൽ സർവ്വെ" വഴി പറ്റുന്നു.

മണ്ണിന്റെ രചന, മണ്ണിന്റെ ഘടന, അമ്ല-ക്ഷാര ഗുണം, ജലസംഭരണ ശേഷി, മണ്ണിലെ ചരൽ, കളിമൺ, മണൽ ക്ലേദം എന്നിവയുടെ സാന്നിധ്യം ഇതെല്ലാം സോയിൽ സർവ്വെ വഴി പഠിക്കാനാവുന്നു.

സോയിൽ സർവ്വെയിൽ മണ്ണു പര്യവേഷണ ഓഫീസർമാർ, മറ്റു ഫീൽഡ് സ്റ്റാഫുകൾ എന്നിവർ ചേർന്ന് മണ്ണു സർവ്വെയുടെ ഭാഗമായി "മൺ പരിഛേദികകൾ" (സോയിൽ പ്രൊഫൈൽ) വിശദമായി പഠിച്ച്, വിലയിരുത്തി മൺ സാമ്പിൾ ശേഖരിച്ച് ലാബിലയച്ച് കൃത്യമായി പരിശോധിച്ച് ആധികാരികമായി ഓരോ പ്രദേശത്തെ മണ്ണിനെപ്പറ്റിയും റിപ്പോർട്ടുണ്ടാക്കും. മണ്ണു പര്യവേഷണാർത്ഥം വളരെ ഫലപ്രദമായും, കാര്യക്ഷമമായും ഓഫീസർമാരുടെ നേതൃത്വത്തിൽ സമഗ്രമായ സർവ്വെ പഠനം നടത്തിവരുന്നു. മണ്ണു പര്യവേഷണപ്രകാരം സംസ്ഥാനത്തെ വ്യത്യസ്ത മണ്ണിനങ്ങളിൽ തന്നെ നിരവധി "മൺ ശ്രേണികൾ" (സോയിൽ സീരീസ്) മനസ്സിലാക്കിയിട്ടുണ്ട്.

മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് വഴുതക്കാട്, സെന്റർ പ്ലാസ കെട്ടിടത്തിലാണ്. മണ്ണുപര്യവേഷണ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് വളരെ വിശദമായ, ആധികാരികമായ, സമഗ്രമായ പര്യവേഷണ പരിശീലന പദ്ധതികൾ നൽകി സജ്ജരാക്കിയിട്ടുണ്ട്. ഇവരെ ഡിപ്പാർട്ടുമെന്റ് ബാംഗ്ളൂരിലെ നാഷണൽ ബ്യൂറോ ഓഫ് സോയിൽ സർവ്വെ ആൻഡ് ലാൻഡ് യൂസ് പ്ലാനിങ് (NBSS LUP), സോയിൽ ആൻഡ് ലാൻഡ് യൂസ് സർവ്വെ ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ വിശദമായ പഠനപരിശീലനത്തിനയച്ചാണ് വിദഗ്ധരാക്കുന്നത്. ഇതേമാതിരി മണ്ണു സംരക്ഷണ ഉദ്യോഗസ്ഥർക്കും വിദഗ്ധപരിശീലനം നൽകി വരുന്നുണ്ട്.

മണ്ണു പര്യവേഷണ വിഭാഗത്തിന് ജില്ലകളിലെല്ലാംതന്നെ അസിസ്റ്റന്റ് ഡയറക്ടർമാരും മണ്ണുപര്യവേഷണ ഓഫീസർമാരുണ്ട്. ജില്ലയിലെ സർവ്വെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് സോയിൽ സർവ്വെ അസിസ്റ്റന്റ് ഡയറക്ടരുടെ നേതൃത്വത്തിലുള്ള മണ്ണുപര്യവേഷണ ഓഫീസർമാരും ഫീൽഡ് സ്റ്റാഫുകളുമാണ്. ഉത്തരമേഖലയുടെ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖലയുടെ ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ സോയിൽസർവ്വെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. ഇതിനുപുറമെ ഹെഡ്ക്വാർട്ടേഴ്സിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ഡെപ്യൂട്ടി ഡയറക്ടറുണ്ട്. ഇതിനുപുറമെ അഡീഷണൽ ഡറക്ടർ (മണ്ണു സർവ്വെ) അഡീഷണൽ ഡയറക്ടർ (മണ്ണു സംരക്ഷണം) ജോയിന്റ് ഡയറക്ടർ (മണ്ണു സർവ്വെ) ജോയിന്റ് ഡയറക്ടർ (മണ്ണു സംരക്ഷണം) എന്നിവരുമുണ്ട്. ഇതേപോലെ മണ്ണുസംരക്ഷണ വിഭാഗത്തിലും ജില്ലാതല മണ്ണു സംരക്ഷണ ഓഫീസർമാർ, ഫീൽഡുതലത്തിലുള്ള, സോയിൽ കൺസർവേഷൻ ഓഫീസർമാർ എന്നിവരുണ്ട്.

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, കാർഷികമേഖലയുടെ ആസൂത്രണം നടത്തുന്നയവസരത്തിൽ, മണ്ണിന്റെ പ്രത്യേകത തീർച്ചയായും കണക്കിലെടുത്ത് പ്രോജക്ടുണ്ടാക്കണം. "സോയിൽ സർവ്വെ" (മണ്ണുസംരക്ഷണം) നടത്തി ആധികാരികമായ റിപ്പോർട്ടുണ്ടാക്കുന്നയവസരത്തിൽ മണ്ണിന്റെ നനവ്, മണ്ണൊലിപ്പിന്റെ തോത്. ഇത്യാദി കാര്യങ്ങൾ റിപ്പോർട്ടിലുണ്ടാവും. സോയിൽ സർവ്വെ വഴി "സോയിൽ മാപ്പുകൾ" ലഭിക്കും. മണ്ണു പര്യവേഷണത്തിലൂടെ ഒരു പ്രദേശത്തെ വിളസമ്പ്രദായം, ഭൂവിനിയോഗം, മണ്ണിനു നൽകേണ്ടുന്ന പരിപാലനങ്ങൾ, നീർമറിയടിസ്ഥാനമായ വിശയങ്ങൾ, മണ്ണുസംരക്ഷണ മുറകളുടെ മുൻഗണനാവിവരങ്ങൾ എന്നിവ അറിയാൻ പറ്റും. മണ്ണു പര്യവേഷണ റിപ്പോർട്ടിൽ, ഭൂവിനിയോഗം ക്ഷമത തരംതിരിവ്. സ്ഥല ജലസേചന തരംതിരിവ്, വിള അനുയോജ്യ വിശദാംശം, മണ്ണു പോഷകനിലവാരമാപ്പ്, മണ്ണുസംരക്ഷണ മുൻഗണന വിശദാംശങ്ങൾ എന്നിവ ലഭ്യമാണ്.

മണ്ണു സർവ്വെ പ്രകാരമുള്ള റിപ്പോർട്ടിൻപ്രകാരമാണ് നീർമറയടിസ്ഥാനമാക്കിയുള്ള മണ്ണുസംരക്ഷണ





മാർഗ്ഗങ്ങൾ ചെയ്യേണ്ടത്. "മണ്ണും ജലവും", 'കണ്ണും കൃഷ്ണമണിയും' എന്നതു പോലെയാണ്. ഒന്നിന്റെ രക്ഷ, മറ്റതിന് കരുത്താകും. മണ്ണു ജല സംരക്ഷണം വഴി ഒരു പ്രദേശത്തെ ജലക്ഷാമ പ്രശ്നങ്ങൾ പരിഹരിക്കാം. ഒരു വാർഡിലെ എല്ലാ വീട്ടുകാർക്കും ജലസംരക്ഷതയും മണ്ണുസാക്ഷരതയും നൽകണം. ഇതിനായി ബോധവത്ക്കരണ ജാഥകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവയാവശ്യമാണ്.

വാർഡിലെ എല്ലാ വീട്ടുപറമ്പിലും മഴക്കുഴികൾ അതിരിൽ ജൈവവേലിയുണ്ടാക്കാൻ മഴവെള്ളം മണ്ണിൽ ശരിയായി താഴ്ത്തി സംഭരിക്കൽ, ഓരോ വീട്ടിന്റെ മേൽക്കൂരയിൽ നിന്നും മഴവെള്ളം ശേഖരിച്ച്, കിണറിൽ താഴ്ത്തുക എന്നീ പരിപാടികൾ ആസൂത്രണം ചെയ്യണം. എല്ലാ പഞ്ചായത്തുകളിലും മണ്ണു പരിശോധന, മണ്ണാരോഗ്യകാർഡു വിതരണം, മണ്ണു സംരക്ഷണ നടപടികൾ അവലംബിക്കൽ എന്നിവ സംഘടിപ്പിക്കണം.

മണ്ണു പര്യവേഷണ-മണ്ണു സംരക്ഷണ വകുപ്പിന്റെ ചില കർഷക ക്ഷേമപദ്ധതികൾ ഇവയാണ്.

- **മണ്ണ് പരിശോധന:** (മണ്ണ് പരിശോധന, മണ്ണിലെ കീടനാശിനിയംശം കഠിന ലോഹയളവ് എന്നിവയും പരിശോധിക്കും)
- **കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം**
- സംസ്ഥാന സർക്കാർ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മണ്ണ് ജല സംരക്ഷണ പദ്ധതികൾ.
- ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള പദ്ധതി.
- കർഷകരുടെ ഭൂവിഭവവിവരം സംബന്ധിച്ചുള്ള വെബ്സൈറ്റ് ലഭ്യത (www.keralasoils.gov.in)
- ശുദ്ധ ജല സംഭരണികളുടെ വൃഷ്ടിപ്രദേശങ്ങളുടെ സംരക്ഷണം
- ആദിമ-ആദിവാസി സങ്കേതങ്ങളുടെ പരിസ്ഥിതി പുനരുജ്ജീവന പദ്ധതി.
- ശീതകാല പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ. (ഇടുക്കി, വട്ടവട, കാന്തലൂർ ഭാഗങ്ങളിൽ)
- ചെക്ക് ഡാം പദ്ധതി
- മണ്ണ് സംബന്ധമായ വിജ്ഞാന വ്യാപന കേന്ദ്രം (വഴുതക്കാട് ആസ്ഥാനം)
- പഞ്ചായത്തുതല ഡിജിറ്റൽ ഭൂവിഭവ വിവര ലഭ്യത
- നീർത്തടാധിഷ്ഠിത പദ്ധതികൾക്കുള്ള സാങ്കേതിക സഹായം
- ചടയമംഗലത്തെ, നീർത്തട വികസനം പരിപാലന ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം ലഭിക്കും.
- തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് "ലോകനിലവാരമുള്ള" സോയിൽ മ്യൂസിയം
- ജിയോ മാറ്റിക്സ് ലാബ്
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക.

മണ്ണു പര്യവേഷണ റിപ്പോർട്ടുകൾ കാർഷിക ആസൂത്രണത്തിന് ഫലപ്രദമായി വിനിയോഗിക്കുക. മണ്ണുസംരക്ഷണ നടപടികൾ, ഈ റിപ്പോർട്ടിൻ പ്രകാരം നടത്തുന്നതിനും പ്രത്യേകം ശ്രദ്ധയാവശ്യമാണ്.

മണ്ണാരോഗ്യം നിലനിർത്താൻ സഹായിക്കുന്ന കാർഷിക പരിപാലന മുറകൾ ഗ്രാമതലത്തിൽ പ്രചരിപ്പിക്കാം. ഇതിനായി ഗ്രാമപഞ്ചായത്തുകൾ, കൃഷിഭവൻ, മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പ്, എന്നിവയുടെ സഹായത്താൽ ബോധവത്ക്കരണം നടത്തുന്നതു നല്ലതാണ്.

വാർഡുതലത്തിൽ മണ്ണു സാക്ഷരത പ്രചരിപ്പിക്കാം. ഇതിനായി "സോയിൽ ഹെൽത്ത് ഗ്രൂപ്പുകൾ" (മണ്ണാരോഗ്യ സംഘങ്ങൾ) ആരംഭിക്കാം. കുടുംബശ്രീയംഗങ്ങൾ, സ്വാശ്രയസംഘാംഗങ്ങൾ ഇവരെയെല്ലാം ഇതിനായി പരിശീലിപ്പിക്കാം. ഇത്തരം "സോയിൽ ഹെൽത്ത് ഗ്രൂപ്പുകൾക്ക്" മണ്ണു പരിശോധിക്കാനായി സാമ്പിൾ ശേഖരിക്കൽ, ഡാറ്റാ ശേഖരണം, സാമ്പിൾ ശരിയായി ശേഖരിച്ച് ലാബിലെത്തിക്കൽ എന്നിവയിൽ പരിശീലനം നൽകുന്നതു നല്ലതാണ്.

ഇങ്ങനെ ഓരോ വാർഡിലും എല്ലാ വീട്ടിൽനിന്നും മണ്ണു പരിശോധിക്കാനും, കൃത്യമായി പരിശോധനാ വിവരം നൽകാനും പറ്റും. മണ്ണിന്റെ പോഷക നിലവാരമറിഞ്ഞാവശ്യമായിട്ടുള്ള വളങ്ങൾ മാത്രമേ ചേർക്കാവൂ. ഇതുവഴി, അനാവശ്യ ചെലവില്ലാതെയാക്കാനും ഉത്പ്പാദനം കൂട്ടാനും സാധിക്കും.

*ലേഖകൻ കേരളത്തിലെ പ്രശസ്ത കൃഷി മാധ്യമ വിദഗ്ധനാണ്. ഇപ്പോൾ തൃശൂരിൽ മണ്ണ് പര്യവേഷണ ഓഫീസറാണ്.*

രശ്മി മോഹൻ

# പഞ്ചായത്തീരാജ്
## സംവിധാനം മാറുന്ന കാലത്തെ ഭാവിയും പ്രസക്തിയും

നമ്മുടെ രാഷ്ട്രപിതാവ് സ്വപ്നം കണ്ടിരുന്ന ഗ്രാമസ്വരാജിലേയ്ക്ക് നാം ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. സ്വയം പര്യാപ്തതയിലേയ്ക്കെത്തുന്നതിനു പകരം എല്ലാ മേഖലകളിലും നമുക്ക് സ്വയം പര്യാപ്തത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നതാണ് യാഥാർത്ഥ്യം. പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ പാറപൊട്ടിക്കലും , നിലം നികത്തലും, വനനശീകരണവും നടന്നുവരുന്നു. കുണ്ടും കുഴിയും നിറഞ്ഞ റോഡുകൾ, ഭവന രഹിതർ, തീരാവ്യാധികളാൽ കഷ്ടപ്പെടുന്നവർ, വൃത്തിഹീനമായ പരിസരങ്ങൾ എന്നിങ്ങനെ നമ്മുടെ പ്രശ്നങ്ങൾ അനന്തമാണ്. ഭക്ഷ്യോൽപ്പാദനത്തിലും തൊഴിൽ നിർമ്മാണമേഖലയിലും എന്തിനേറെ കുടിവെള്ളത്തിനു പോലും നമുക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടതായി വന്നിരിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യ ധാന്യങ്ങളും, പാലും മുട്ടയും മാംസവും പച്ചക്കറിയും എത്തിച്ചില്ലായിരുന്നെങ്കിൽ നമുക്ക് ഭക്ഷണമില്ലാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. വേനൽക്കാലമായാൽ കുടിവെള്ളവും കൂടി അന്യദേശങ്ങളിൽ നിന്നും വാഹനത്തിൽ കൊണ്ടുവരേണ്ടതായി വന്നിരിക്കുന്നു. ലാഭകരമല്ലായെന്നു പറഞ്ഞ് നാം ആദ്യം തന്നെ നെൽകൃഷി ഉപേക്ഷിച്ചു. പാടങ്ങൾ നികത്തി അനുബന്ധ മേഖലയായ കന്നുകാലിവളർത്തലും പച്ചക്കറികൃഷിയും വേണ്ടന്നു വച്ചു നാളികേരത്തിന്റെ നാടായ കേരളത്തിൽ തെങ്ങു കൃഷിയും അന്യം നിന്നു വരികയാണ്. തൊഴിൽ മേഖലയാകെ അന്യസംസ്ഥാന തൊഴിലാളികൾ കൈയടിക്കിയിരിക്കുന്നു. നിർമ്മാണ മേഖലയിൽ യന്ത്രവത്കരണം വന്നില്ലായിരുന്നെങ്കിൽ കേരളീയരെക്കാൾ കൂടുതൽ അന്യസംസ്ഥാനക്കാർ അധിവസിക്കുന്ന നാടായി കേരളം മാറുമായിരുന്നുയെന്നുള്ള കാര്യത്തിൽ സംശയമില്ല. പരമ്പരാഗത തൊഴിൽ രംഗത്ത് തൊഴിലാളികളില്ലെന്നുതന്നെ പറയാം. കഠിനാദ്ധ്വാനികളായിരുന്നു നമ്മുടെ ഗ്രാമീണ ജനതയുടെ അദ്ധ്വാന ശീലം എങ്ങോ പോയ്മറഞ്ഞിരിക്കുന്നു. കൃഷിയിലും അനുബന്ധമേഖലകളിലും തൊഴിലെടുക്കാൻ നമ്മുടെ യുവജനങ്ങൾ വിമുഖതകാണിക്കുന്നു. ശാരീരികാദ്ധ്വാനത്തിന്റെ മാഹാത്മ്യം



മറന്ന് വെള്ളക്കോളർ ജോലിയുടെ പിന്നാലെ നമ്മുടെ യുവാക്കൾ നെട്ടോട്ടം ഓടുകയാണ്. തൊഴിലില്ലായ്മയായിരുന്നു മുമ്പൊക്കെ നമ്മുടെ യുവജനങ്ങൾ നേരിട്ടിരുന്ന വലിയ വെല്ലുവിളി. എന്നാൽ ഇന്നു നാം തൊഴിലാളികളെ അന്വേഷിച്ച് നട്ടം തിരിയുകയാണ്. ജനങ്ങൾ സുഖലോലുപരും ആഡംബരപ്രിയരുമായി മാറിക്കഴിഞ്ഞിരിക്കുന്നു. ജീവിതശൈലി രോഗങ്ങളും പരിസരശുചിത്വമില്ലായ്മയിൽ നിന്നുണ്ടാകുന്ന പകർച്ചവ്യാധികളും നമ്മുടെ കൂടപ്പിറപ്പായി മാറിയിരിക്കുന്നു. യുവാക്കൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിക്കൊണ്ടിരിക്കുന്നു. ഇതിൽ നിന്നൊക്കെ നമുക്കു മോചനം നേടേണ്ടതായിട്ടുണ്ട്. ആകയാൽ വരൂ, ഗ്രാമ നന്മകളും, ഐശ്വര്യവും കളിയാടുന്ന ഗ്രാമസ്വരാജെന്ന ക്ഷേമഗ്രാമത്തിലേയ്ക്കുള്ള പ്രയാണത്തിൽ അണിചേരൂ.

## പഞ്ചായത്തീരാജ് ഒരെത്തിനോട്ടം

രാജീവ് ഗാന്ധിയുടെ കാലത്ത് തുടങ്ങിയ പഞ്ചായത്തീരാജ് ഭരണ പരിഷ്കാരങ്ങൾ അന്നുതൊട്ട് ഇന്നേവരെ പൊതുവിൽ ഉണ്ടായ മാറ്റത്തെ എങ്ങനെ നോക്കിക്കാണുന്നു. നിലനില്ക്കുന്ന ഫെഡറൽ ഭരണ സംവിധാനത്തിൽ അതുണ്ടാക്കിയ മാറ്റം എന്താണ്? എന്ന ചോദ്യംഇന്നു ഉയർന്നു നിൽക്കുന്നു. ഗ്രാമസ്വരാജും അധികാരവികേന്ദ്രീകരണവും വ്യത്യസ്തമായ രണ്ട് സങ്കല്പങ്ങളാണ്. ഗ്രാമസ്വരാജ് എന്നസങ്കല്പം ഊന്നുന്നത് ഒരു വ്യക്തിക്ക് ചെയ്യാൻ കഴിയാത്തത് ഒരു കമ്മ്യൂണിറ്റി ചെയ്യുക എന്നതാണ്. കമ്മ്യൂണിറ്റിക്ക് ചെയ്യാൻ സാധിക്കാത്തത് അതിനു മുകളിലുള്ളതിനെ ഏല്പ്പിക്കുക.അങ്ങനെ മുകളിലേക്ക് എന്നതാണതിന്റെ രീതി. അതേസമയം എനിക്ക് ചെയ്യാൻ കഴിയുന്നത് ഞാൻ തന്നെ ചെയ്യുക എന്നും ഇതിന് അർത്ഥമുണ്ട്. വ്യക്തിതന്നെയാണ് പ്രധാനം. അധികാരവികേന്ദ്രീകരണം ഇതല്ല. താഴേയ്ക്കു കൊടുക്കുക എന്നതാണിതിന്റെ രീതി. ഒരു ജനതയ്ക്ക് അധികാരത്തിന്റെ ആയുധം നൽകലാണ് പഞ്ചായത്തീരാജ് എന്നതു കൊണ്ടു ഉദ്ദേശിക്കുന്നത്.

ഇത് എത്രമാത്രം പ്രസക്തമാണ് ഈ പുതിയ കാലത്ത് എന്നതാണ് ഇനി ആലോചിക്കേണ്ടത്. ഇത് വിവരസാങ്കേതിക വിദ്യയുടെ കാലമാണെന്നു നമുക്കറിയാം.എല്ലാസൗകര്യങ്ങളും മുമ്പത്തേക്കാളുമുണ്ട്. കാര്യങ്ങളെല്ലാം മുകളിൽ നിന്ന് തന്നെ വേണമെങ്കിൽ നന്നായി ചെയ്യാം.പിന്നെന്തിനാണ് അധികാരം വികേന്ദ്രീകരിക്കുന്നത്? അവിടെയാണ് ജനാധിപത്യം എന്ന സങ്കല്പം നിർവ്വചിക്കപ്പെടുന്നത്. ജനാധിപത്യം എന്നാൽ നിർവ്വഹണം മാത്രമല്ല. ജനങ്ങൾ തന്നെ സ്വയം ചെയ്യുക എന്നതാണതിന്റെ കാതൽ. അധികാരങ്ങൾ ഏറ്റുവാങ്ങുന്ന പാത്രങ്ങളായി ജനങ്ങൾ മാറാതിരിക്കുക എന്നതാണ് ഇവിടെ പ്രധാനമായി വരുന്നത്.അല്പം മോശമായാലും സ്വന്തം അടുക്കളയിൽ പാകം ചെയ്യുക എന്നതാണതിന്റെ രാഷ്ട്രീയം. എത്രത്തോളം കൊടുക്കാൻ

**ഗ്രാമസ്വരാജും അധികാരവികേന്ദ്രീകരണവും വ്യത്യസ്തമായ രണ്ട് സങ്കല്പങ്ങളാണ്. ഗ്രാമസ്വരാജ് എന്നസങ്കല്പം ഊന്നുന്നത് ഒരു വ്യക്തിക്ക് ചെയ്യാൻ കഴിയാത്തത് ഒരു കമ്മ്യൂണിറ്റി ചെയ്യുക എന്നതാണ്. കമ്മ്യൂണിറ്റിക്ക് ചെയ്യാൻ സാധിക്കാത്തത് അതിനു മുകളിലുള്ളതിനെ ഏല്പ്പിക്കുക. അങ്ങനെ മുകളിലേക്ക് എന്നതാണതിന്റെ രീതി.**



കഴിഞ്ഞു,എത്രത്തോളം അവർക്ക് നടത്താൻ കഴിഞ്ഞു എന്നതാണ് പ്രശ്നം. ഒരു ജനത പരസ്പരം ശാക്തീകരിക്കുക.. എല്ലാവരും അവരിൽത്തന്നെ പൂർണരാണ്. എല്ലാ ഘടകങ്ങളും അതിൽത്തന്നെ പൂർണമാകുക. അതായത് ഒരു ജനതയുടെ വികാസത്തിന്റെ അളവുകോൽ ആ ജനതയ്ക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള ജനാധിപത്യത്തിന്റെ ഗുണനിലവാരമാണ് എന്നർത്ഥം. ഗുണനിലവാരം കുറഞ്ഞു എന്നതിന്റെ അർത്ഥം ആ ജനതയുടെ വികാസത്തിന് പൂർണ്ണതയില്ല എന്നാണ്. അങ്ങനെ വരുമ്പോൾ വികസനം എന്നാൽ പാലംകെട്ടലോ റോഡുണ്ടാക്കലോ അല്ല, ഒരു ജനത എത്ര ജനാധിപത്യപരമായി ജീവിക്കുന്നു എന്നതാണത്. ഓരോ പൗരനിലും ജനാധിപത്യപ്രക്രിയയിലുള്ള വിശ്വാസമാണ് ഗുണനിലവാരത്തിന്റെ ലക്ഷണം.

ജനാധിപത്യഭരണഘടനയ്ക്കകത്തുനിന്നുകൊണ്ട് ജനങ്ങൾക്ക് പരിമിതമായ സേവനങ്ങൾ ചെയ്തുകൊടുക്കാനുള്ള ഉപകരണമാണ് പഞ്ചായത്തീരാജ്. അതിന് ജാതിയിലോ വർഗബന്ധങ്ങളിലോ മാറ്റം വരുത്താനാവില്ല. ഇത് മനസ്സിലാക്കാതെ ആ പ്രക്രിയയെ അനാവശ്യമായി മഹത്ത്വവൽക്കരിച്ചു. ഇതാണ് തെറ്റ്. എവിടെ പ്രതീക്ഷയുണ്ടോ അവിടെ നിരാശയുണ്ട്.

പഞ്ചായത്തീ രാജിനെ ശാസ്ത്രീയമായി നിർവ്വചിക്കണം. അതു വെച്ച് വേണം പഞ്ചായത്തീ രാജിനെ വിമർശിക്കാനും പ്രകീർത്തിക്കാനും. ഈ ഘട്ടത്തിൽ ഇത് നടപ്പിലാക്കിയതിന്റെ പോരായ്മയെക്കുറിച്ചും ചിന്തിക്കണം. ഒരു തരത്തിൽ ഇത് ഒരു 'പദ്ധതി രാജ്' ആയി മാറുകായാണ്. എല്ലാം പ്ലാനുകളിലാണ്. അതിന്റെ ആസൂത്രണത്തിലാണ്. പദ്ധതി രാജ് വന്ന് വന്ന് പുതുതും വലുതുമായ കാര്യങ്ങൾ ചെയ്തുകൂട്ടുവാനുള്ള തത്രപ്പാടിൽ പരമ്പരാഗതവും അടിസ്ഥാനപരവുമായ കാര്യങ്ങൾ ചെയ്യാൻ മറന്നുപോയി. ഉദാഹരണത്തിന്, പൊതുജനാരോഗ്യം എന്നത് കണ്ടമാനം ആശുപത്രിഉണ്ടാക്കലല്ല. അത് ജനങ്ങളുടെ അടിസ്ഥാനപരമായ പൊതുജനാരോഗ്യ ബോധം



**തൊഴിലാളിക്കും സാധാരണക്കാരനും യഥേഷ്ടം കടന്നുചെല്ലാൻ കഴിയും വിധം ചെറുകൂട്ടായ്മകളായി പഞ്ചായത്തുകൾ വികേന്ദ്രീകരിക്കപ്പെടണം. ഇവിടെ ഒരു കാര്യം സൂചിപ്പിക്കനുള്ളത്, പഞ്ചായത്തുകളുടെ ഇന്നത്തെ വലുപ്പം കേരളീയസമൂഹം ചർച്ചചെയ്യണം എന്നതാണ്.**

വളർത്തലാണ്. ഇതുണ്ടായില്ല.

തൊഴിലാളിക്കും സാധാരണക്കാരനും യഥേഷ്ടം കടന്നുചെല്ലാൻ കഴിയും വിധം ചെറുകൂട്ടായ്മകളായി പഞ്ചായത്തുകൾ വികേന്ദ്രീകരിക്കപ്പെടണം. ഇവിടെ ഒരു കാര്യം സൂചിപ്പിക്കനുള്ളത്, പഞ്ചായത്തുകളുടെ ഇന്നത്തെ വലുപ്പം കേരളീയസമൂഹം ചർച്ചചെയ്യണം എന്നതാണ്. സെക്രട്ടറിയറ്റിൽ നിന്ന് അധികാരം താഴേയ്ക്ക് പകർന്നു നൽകിയാണ് ഇന്നത്തെ അധികാരമുള്ള പഞ്ചായത്തുകളായതെങ്കിൽ, ഇന്ന് അധികാരത്തോടൊപ്പം വലുപ്പവും കൂടിയായപ്പോൾ പഞ്ചായത്തുകൾ കൊച്ചു സെക്രട്ടറിയറ്റായി മാറുകയാണ്. ഇത് വികേന്ദ്രീകരണസങ്കല്പ്പങ്ങൾക്കെതിരാണ്. അതുകൊണ്ട് പഞ്ചായത്തിന്റെ വലുപ്പം കുറയണം. ഒരു വാർഡ് ഒരു പഞ്ചായത്ത് എന്ന സ്ഥിതി വരണം. വാർഡിന് ഒരു ഇടം വേണം. വാർഡ് മെമ്പർമാരെ അവിടെ വെച്ച് ജനങ്ങൾക്ക് കാണാൻ കഴിയണം. ഒരോരുത്തരെയും ഓരോരുത്തർക്കും പരസ്പരം അറിയാൻ കഴിയണം. അപ്പൊഴാണ് ഗ്രാമസ്വരാജ് എന്ന സങ്കല്പ്പത്തിലേക്ക് ഉയരാൻ കഴിയുക. നമ്മുടെ ഗ്രാമസഭകൾ ഉത്തരേന്ത്യയിലേതുപോലെയല്ല. ഇവിടെ ആർക്കും കേറിച്ചെല്ലാം. എല്ലാവർക്കും തുല്യ പരിഗണനയാണ്. ജാതിയോ മറ്റ് ഘടകങ്ങളോ തടസ്സമല്ല. ജന്മിമാരുടെ മേധാവിത്ത്വവും ഇവിടെയില്ല. പക്ഷേ ഇപ്പൊഴും നാം മറികടക്കേണ്ടത് ഗ്രാമസഭകളിലെ കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതത്ത്വത്തെയാണ്. എല്ലാതരം കൂട്ടായ്മകളേയും ഗ്രമസഭയിലേക്ക് കണ്ണിചേർക്കാൻ കഴിയണം. ഉദാഹരണത്തിന്, റസിഡൻഷ്യൽ അസോസിയേഷനുകൾ, കക്ഷിരാഷ്ട്രീയത്തിനതീതമായി നിലനിൽക്കുന്ന പൗരസംഘടനകൾ,പാലിയേറ്റീവ് പ്രസ്ഥാനങ്ങൾ തുടങ്ങിയവ. ഇവയെല്ലാം ഭരണഘടനയുടെ ഔദാര്യം ചോദിക്കാത്ത അതിഥികളാണ്. അത്തരം കൂട്ടയ്മകളെയെല്ലാം ഗ്രാമസഭയിൽ ഉൾചേർക്കണം.നികുതിപ്പണം സാധാരണക്കാരന്റെ വീട്ടുമുറ്റത്തെത്തുന്നു എന്നതാണ് വികേന്ദ്രീകരണത്തിന്റെ പ്രധാന ഗുണം.

## പഞ്ചായത്തീരാജ് സംവിധാനം മാറുന്ന കാലത്തെ ഭാവിയും പ്രസക്തിയും

പഞ്ചായത്തീ രാജ് കൊണ്ട് സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങളേക്കാളുമധികം കേരളത്തിന്റെ രാഷ്ട്രീയകഷി ഘടനകളിൽ വലിയ മാറ്റങ്ങളുണ്ടാവാൻ പോകുകയാണ്. പുരുഷ കേന്ദ്രീകൃത രാഷ്ട്രീയത്തോട് അടിസ്ഥാനപരമായി കേരളം വിടപറയാൻ പോകുകയാണ്. മറ്റൊരു പ്രധാന കാര്യം രാഷ്ട്രീയനേതൃത്ത്വത്തിലെ സ്ത്രീസാന്നിധ്യം അക്രമങ്ങൾക്ക് അറുതി വരുത്തും എന്നുള്ളതാണ്. രാഷ്ട്രീയ നേതൃത്ത്വം ഒരാളെ വെട്ടാൻ തീരുമാനിച്ചിട്ടു തന്നെയാണതു ചെയ്യുന്നത്. ഇത്തരം തീരുമാനമെടുക്കുന്ന കമ്മിറ്റികളിൽ സ്ത്രീ സാന്നിധ്യമുണ്ടാകുന്നത് അക്രമങ്ങൾക്ക് കുറവുവരുത്തുമെന്ന കാര്യത്തിൽ സംശയമില്ല. ചുരുക്കത്തിൽ, അധികാരത്തിൽ സ്ത്രീയുടെ തുല്യപങ്കാളിത്തം ഒരു വലിയ സാമൂഹ്യപരീക്ഷണത്തിന്റെ തുടക്കമാണ്. അതായത് പഞ്ചായത്തീ രാജ് ലിംഗനീതിയുടേതടക്കമുള്ളവിഷയങ്ങളിൽ ഒരു വലിയ സാമൂഹ്യ മാറ്റത്തിനുള്ള ഉപാധിയായി മാറാൻ പോവുകയാണ്.

ഇതൊക്കെപ്പറയുമ്പോഴും അഴിമതിയുടെ കാര്യം കാണാതെ പോകരുത്. പദ്ധതിരാജിന്റെയും കരാർ സമ്പ്രദായത്തിന്റെയുമൊക്കെ ഫലമായി നമ്മുടെ പഞ്ചായത്തുകളിൽ അഴിമതി സ്ഥാപനവൽക്കരിക്കപ്പെട്ടു. മര്യാദയ്ക്ക് നടന്നിരുന്ന പലരും അഴിമതിക്കാരായി. പലതരം മാഫിയകളുടെ കാലമാണിത്. രാഷ്ട്രീയപ്പാർട്ടികൾ അക്രമത്തിൽ വരുത്തുന്ന കുറവ് അവരാണ് നികത്തുന്നത്. ഇത്തരം മാഫിയകളെല്ലാം ഈ അഴിമതിയുടെ ഭാഗമാണ്. ജനങ്ങൾക്ക് ഇവർക്കെതിരെ പരാതികൊടുക്കാൻ പോലും ഭയമാണ്. ഇത് നിയന്ത്രിക്കാൻ രാഷ്ട്രീയ നേതൃത്ത്വത്തിനോ സാംസ്കാരിക സംഘടനകൾക്കോ കഴിയാതെ വരുന്നു. എന്ത് ചെയ്യാനാ? എന്നാണ് അവരൊക്കെ ചോദിക്കുന്നത്. ഇത് അതീവ ഗൗരവമുള്ള കാര്യമാണ്. ഇതിനെതിരെ കർശനമായ നടപടിയുണ്ടാകണം. ഓംബുഡ്സ് മാന്റെ പരിശോധനയുണ്ടാകണം. ചെലവഴിക്കുന്ന തുകയുടൊരു ഭാഗം ഇതിനു വേണ്ടിമാറ്റിവെച്ചിട്ടായാൽ പോലും ഓഡിറ്റിംഗും അഴിമതിനിർമ്മാർജന പരിപാടികളും കർശനമാവണം. കൊടും കൊള്ളക്കാരായ രാഷ്ട്രീയനേതാക്കളുടെയും അഴിമതി ദല്ലാളന്മാരുടെയും മുന്നിൽ പുരോഗമനക്കാരുടെ നട്ടെല്ലുപോലും വളഞ്ഞു പോകുന്നു. ഇതിനെതിരെ വലിയ ജനകീയ മുന്നേറ്റവുമുണ്ടാകണം. അല്ലെങ്കിൽ എം. എൻ.വിജയൻ പറഞ്ഞതുപോലെ, അഴിമതി ഒരു ഘട്ടം കഴിഞ്ഞാൽ ജനങ്ങൾ നിർവ്വീര്യരാകും. അവരുടെ പൊട്ടൻഷ്യാലിറ്റി നഷ്ടമാകും. അത് സമൂഹത്തെ വളരെ വലിയ വിപത്തിലേക്കാണ് നയിക്കുക.

1957ൽ ബൽവന്ത് റായ് മേത്ത കമ്മിറ്റിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പുരുഷന്മാർക്കൊപ്പം ഒന്നോ രണ്ടോ സ്ത്രീകളെ നാമനിർദേശം ചെയ്തു പഞ്ചായത്ത് സമിതിയിൽ ഉൾപെടുത്തണമെന്ന് ശുപാർശ നൽകിയത്.എന്നാൽ വളരെ കുറച്ചു സംസ്ഥാനങ്ങൾ മാത്രമാണ് ഈ ശുപാർശ പിൻതുടർന്നത്.അതുകൊണ്ട് 1959 ൽ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വരുമ്പോൾ ഇത്തരത്തിൽ നോമിനേറ്റു ചെയ്യപ്പെട്ട സ്ത്രീകളുടെ എണ്ണം വളരെ കുറവായിരുന്നു.73, 74 ഭരണ ഘടനാ ഭേദഗതികൾ അംഗീകരിക്കുന്നതുവരെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും പ്രാദേശിക ഭരണ രംഗത്തെ സ്ത്രീ സാന്നിധ്യം നാമനിർദേശത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഉള്ളതായിരുന്നു.

1995ലെ തദ്ദേശഭരണതെരഞ്ഞെടുപ്പിലൂടെ 5139 സ്ത്രീകളാണ് അധികാരത്തിലെത്തിയത് (35.8%). 2000 ൽ 38 % ആയും 2005 ഇത് 40 ശതമാനത്തിലേറെയായും വർധിച്ചു. കേന്ദ്ര സർക്കാർ അമ്പതു ശതമാനം വനിതാ സംവരണം തദ്ദേശ ഭരണ രംഗത്ത് പ്രഖ്യാപിക്കുന്നതിനും മുൻപ് തന്നെ 2009 സെപ്തംബറിൽ പ്രത്യേക നിയമസഭാ സമ്മേളനത്തിൽ വെച്ച് കേരളത്തിലെ ഇടതുപക്ഷ സർക്കാർ പാസ്സാക്കി. 2010 ലെ തദ്ദേശഭരണ തെരഞ്ഞെടുപ്പ് കേരളത്തിൽ പ്രാദേശിക ഭരണ രംഗത്തെ ലിംഗ തുല്യതയുടെ പുതിയ പാഠം സൃഷ്ടിച്ചു. കേരളത്തിലാകെ ത്രിതല പഞ്ചായത്ത് ഭരണ സമിതികളിൽ പകുതിയെണ്ണത്തിന്റെ ഭരണ സാരഥികളായും ആകെ സ്റ്റാൻഡിങ് കമ്മിറ്റികളിൽ പാതി എണ്ണത്തിന്റെ അധ്യക്ഷമാരായും സ്ത്രീകൾ അധികാരത്തിലെത്തി.നഗരസഭകളിൽ അടക്കം എല്ലാ പദവികളിലും പകുതി സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടു എന്നതാണു കേരള നിയമ സഭ പാസ്സാക്കിയ അമ്പതു ശതമാനം വനിതാ സംവരണത്തിന്റെ സവിശേഷത.

മിക്ക സംസ്ഥാനങ്ങളിലും തദ്ദേശഭരണ രംഗത്ത് വലിയ സ്ത്രീ സാന്നിധ്യം ഉണ്ടെങ്കിലും ഭരണത്തിന്റെയും വികസനപ്രവർത്തനങ്ങളുടെയും നേതൃത്വമായി മാറുന്നതിൽ നിരവധി തടസങ്ങൾ ഈ സ്ത്രീകൾ നേരിടുന്നുണ്ട്.

സാമൂഹ്യ പരിഷ്കരണത്തിന്റെയും നവോത്ഥാന പ്രക്രിയയുടെയും പാരമ്പര്യം അവകാശപ്പെടുമ്പോൾ തന്നെ കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലെ സ്ത്രീകളുടെ അദൃശ്യത ആധുനിക കേരള നിർമിതിയിലെ ഒരു വൈരുദ്ധ്യമായി ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. ഈ പോരായ്മ തിരുത്തുന്നതിനുള്ള നിർണായക ചുവടു വെയ്പായിരുന്നു തദ്ദേശ ഭരണ രംഗത്തെ മൂന്നിലൊന്നു വനിതാ സംവരണം. ഈ സ്ത്രീസംവരണം കൊണ്ടു എന്തു നേട്ടമാണ് പൊതുസമൂഹത്തിൽ ഉണ്ടായതെന്നും ചിന്തിക്കുന്നതു നല്ലതാണ്. പഞ്ചായത്തീരാജിനു ഗുണങ്ങളും ദോഷങ്ങളുമുണ്ട്. സമൂഹ്യമാറ്റം ഉൾക്കൊള്ളുമ്പോൾ തന്നെ സ്ത്രീ സംവരണം പോലുള്ള മേമ്പൊടി കൊണ്ടു സമൂഹത്തിലുണ്ടായ മൂല്യച്യുതിയും കണ്ടില്ലെന്നു നടിക്കാൻ കഴിയില്ല. അധികാരത്തിൽ ഏറുന്നവർ കഴിവുള്ളവരാണ്. നയിക്കാനും ഭരിക്കാനും കഴിവുള്ളവർ സ്ത്രീകളായാലും പുരുഷന്മാരായാലും ജനം സ്വീകരിക്കും. അധികാരത്തിൽ ഏറിയിരിക്കുന്നവർ ഏറ്റെടുക്കുന്ന ഉത്തരവാദിത്വം നിർവേറ്റുമ്പോഴാണ് പഞ്ചായത്തീരാജും ജനകീയാസൂത്രണവുമെല്ലാം കൂടാതെ ജനാധിപത്യവും ശക്തിപ്രാപിക്കുന്നത്.

*പഞ്ചായത്ത് വകുപ്പിൽ അക്കൗണ്ടാണ് ലേഖിക. പഞ്ചായത്ത് ദിനാഘോഷത്തിലെ ഉപന്യാസ മത്സരത്തിന് വേണ്ടി തയ്യാറാക്കിയതാണ് ലേഖനം*



# ഉത്സവത്തിന്റെ ആരവങ്ങൾ

ബിന്ദുരാജ് എം.എ

കേരളത്തിൽ ഉത്സവങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മലയാളമാസം മകരം മുതൽ മേടംവരെയാണ് ഉത്സവങ്ങൾ കൂടുതലും നടത്തപ്പെടുന്നത്. ഇംഗ്ലീഷ് മാസം ജനുവരി മുതൽ മേയ്മാസം വരെയുള്ള കാലത്തെ തെളിഞ്ഞ ആകാശവും സുന്ദരമായ പ്രകൃതിയും ഉത്സവങ്ങൾക്ക് ചാരുത വർദ്ധിപ്പിക്കുന്നു. ഐതീഹ്യങ്ങളും പുരാണങ്ങളും പ്രാദേശിക വിശ്വാസങ്ങളുമാണ് ഉത്സവങ്ങൾക്ക് ഹേതുവായി ഭവിക്കുന്നത്. ഭാരതീയ പുരാണ കഥാപാത്രങ്ങളായ ശ്രീരാമനും ലക്ഷ്മണനും ശ്രീകൃഷ്ണനും ഭഗവതിയും ഭീമനും സുയോധനനും തുടങ്ങി നിരവധി വിശിഷ്ടർ ഓരോ ഉത്സവത്തിന്റെയും വിശ്വാസങ്ങളുടെ പിന്നണിയിലുണ്ടാകും. എന്നാൽ ചിലയിടങ്ങളിൽ ചില പ്രാദേശിക ദൈവിക വിശ്വാസങ്ങൾക്കാണ് പ്രാധാന്യം. എന്നാൽ ഇതിലെല്ലാം അത്ഭുതം എല്ലാ പ്രാദേശികതകൾക്കും നാനാത്വങ്ങൾക്കും ഒടുവിൽ ഒരു വിശ്വാസ ഏകീകരണം ഉണ്ട് എന്നതാണ്. നമ്മുടെ ഭാരതത്തിന്റെ വിശിഷ്ടതയായ നാനാത്വത്തിൽ ഏകത്വം തികച്ചും കേരളത്തിലെ ഉത്സവങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്.

തലസ്ഥാനത്തെ (തിരവനന്തപുരം) ഏറ്റവും പ്രധാനമായ ഉത്സവും ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവമാണ്. സ്ത്രീകളുടെ ഇവിടേക്കുള്ള അത്ഭുതാവഹമായ പ്രവാഹം നിമിത്തം സ്ത്രീകളുടെ ശബരിമല എന്ന അപര നാമധേയം ഈ ക്ഷേത്രത്തിന് ലഭിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് സ്ത്രീജനങ്ങൾ ഒരുമിച്ച് പൊങ്കാല അർപ്പിക്കുന്ന ഈ ഉത്സവരംഗം ഒരുപക്ഷെ ഏഷ്യയിലെതന്നെ സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന ഏറ്റവും വലിയ ആത്മീയ ചടങ്ങായിരിക്കും എന്ന് വിശ്വസിക്കുന്നു. തിരുവനന്തപുരത്തെ മാത്രം പ്രത്യേകതയാണ് മുടിപ്പുര ഉത്സവങ്ങളും തോറ്റംപാട്ടും. തമിഴ് സംസ്ക്കാരവുമായി ഇത്തരം ഉത്സവങ്ങൾക്ക് ബന്ധമുണ്ട്. കണ്ണകിയുടേയും കോവലന്റെയും കഥയാണ് ഈ ഉത്സവങ്ങൾക്ക് നിതാനമായിട്ടുള്ളത്. തെങ്ങോല മെടഞ്ഞ് അതുകൊണ്ട് പച്ചപന്തൽ നിർമ്മിച്ച് കമുക്കൊണ്ട് കൊടിമരവും പന്തക്കാലും നാട്ടി ഭദ്രകാളീ ദേവിയെ അവിടേക്ക് കുടിയിരുത്തുന്നു. അന്ന്മുതൽ പ്രത്യേകം സജ്ജീകരിച്ച പന്തലിൽ ഇരുന്ന് ഇലത്താളം മുഴക്കി മൂന്ന്പേർ ഒരു പ്രത്യേക ഈണത്തിൽ തോറ്റംപാട്ട് ആരംഭിക്കും. കണ്ണകിയുടെയും കോവലന്റെയും കണ്ടുമുട്ടൽ, വിവാഹം, കോവലന്റെ മരണം, ചിലമ്പിന്റെ രഹസ്യം, മധുരാപുരി ചുട്ടെരിക്കൽ, സ്വർക്ഷാരോഹണം എന്നിവ മധുരകരമായ ഗാനത്തിലൂടെ തോറ്റെപാട്ടിൽ അവതരിപ്പിച്ച് വരുന്നു. ഇത്തരം ഉത്സവങ്ങൾ ചിലയിടങ്ങളിൽ 7 ദിവസവും ചിലയിടത്ത് പത്ത് ദിവസങ്ങളിലുമായിട്ടാണ് നടത്തപ്പെട്ടുപോരുന്നത്. ഭദ്രകാളീ ദേവിയെ നാലുദിക്കിലേക്കും എഴുന്നള്ളിച്ച് നാട്ടുകാരായ ഭക്തർക്ക് അനുഗ്രഹം നൽകുന്ന രീതിയായ ദിക്കുബലി ചില ക്ഷേത്രങ്ങളിൽ ഉത്സവത്തോട് അനുബന്ധിച്ച് നടത്തിപ്പോരുന്നു. ചിറയിൽകീഴ് താലൂക്കിലെ ശാർക്കര ക്ഷേത്രത്തിലെ കാളിയൂട്ടും അതിനോടനുബന്ധമായ നിലത്തിൽപ്പോരും, ദാരികവധവും ജനങ്ങളെ ആകർഷിക്കുന്നു.

ആലപ്പുഴ ജില്ലയിലെയും കൊല്ലം ജില്ലയിലേയും കെട്ടുകാഴ്ചകൾ (കെട്ടുകാള, കെട്ടുകുതിര), പത്തനംതിട്ട ജില്ലയിലെ പടയണിയും എറണാകുളം ജില്ലയിലെ കൊടുങ്ങല്ലൂരിലെ ഭരണി മഹോത്സവവും എല്ലാംതന്നെ വർണ്ണങ്ങൾ നിറഞ്ഞ വൈവിധ്യങ്ങൾ നിറഞ്ഞ സാംസ്ക്കാരിക കേരളത്തിന്റെ തനതു സവിശേഷതയാണ്.

ആനപ്പുറത്ത് എഴുന്നള്ളിപ്പ് ആഡംഭരത്തിന്റെ, അഭിമാനത്തിന്റെ പ്രതീകമായി കണക്കാക്കുന്നു. ചില ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ വമ്പത്തം

പലപ്പോഴും നെറ്റിപ്പട്ടംകെട്ടി മുത്തുക്കുടയും ആലവട്ടവും അമ്പാരിയും ഏന്തിനിൽക്കുന്ന ഗജവീരൻമാരുടെ എണ്ണം അടിസ്ഥാനപ്പെടുത്തിയിട്ടാണ്. താലപ്പൊലി ഏന്തിയ കന്യകമാരുടെ ഘോഷയാത്രകൾ ഏതൊരു ഉത്സവത്തിന്റെയും കമനീയമായ കാഴ്ചകളിൽ ഒന്നാണ്. വാദ്യങ്ങളിൽ ഒന്നാമനായ ചെണ്ടയുടെ മേളമാണ് ഏതൊരു ഉത്സവത്തിന്റെയും അടിസ്ഥാനതാളം. ഈ അസുരവാദ്യത്തിന്റെ താളഗാംഭീര്യതയെ വേറെ ഒരു വാദ്യത്തിനും പരാജയപ്പെടുത്താനും കഴിയില്ല. പഞ്ചവാദ്യം, നെയ്യാണ്ടിമേളം, തകിലും നാദസ്വരവും, പെരിമ്പറ എന്നിവ കേരളത്തിന്റെ സ്വന്തം ഉത്സവ വാദ്യങ്ങളാണ്. എന്നാൽ കാലം മാറിയതോടെ ബാന്റ്മേളങ്ങളും മറ്റ് വൈദേശികമായ മേളോപകരണങ്ങളും ഉത്സവ താളങ്ങൾക്ക് കൊഴുപ്പേകാൻ സാന്നിധ്യമറിയിക്കുന്നുണ്ട്.

ഉത്സവങ്ങൾക്ക് ഹരംകൂട്ടുന്ന മറ്റൊരു ഘടകമാണ് കരിമരുന്ന് പ്രയോഗം. കാതുപൊട്ടുന്ന തരത്തിലുള്ള അമിട്ടു മുതൽ ആകാശത്തിൽ പറന്നുയർന്ന് ആയിരം വർണ്ണ നക്ഷത്രങ്ങൾ ചിമ്മിച്ച് താഴേക്കുതിർന്ന് വീഴുന്ന പൂത്തിരികൾ വരെ കരിമരുന്നു പ്രയോഗത്തിൽ ഉൾപ്പെടുന്നു. കൊല്ലം ജില്ലയിലെ മലനട ക്ഷേത്രത്തിൽ ഉൾപ്പെടെയുണ്ടായ കരിമരുന്ന് ദുരന്തങ്ങൾ കവർന്നെടുത്ത മനുഷ്യജീവനുകൾ കരിമരുന്ന് ആഘോഷത്തിന്റെമേൽ കരിനിഴൽ വീഴ്ത്തുന്നുണ്ട് എങ്കിലും വെടിക്കെട്ട് ഇന്നും ജനങ്ങൾക്ക് ഹരമാണ്.

ഉത്സവത്തിനോടനുബന്ധിച്ച് നടത്തപ്പെടുന്ന കലാപരിപാടികളാണ് മറ്റൊരു ആകർഷകത്വം. പണ്ട് കാലങ്ങളിൽ തെയ്യം, തിര, ഓട്ടംതുള്ളൽ, കഥകളി, ചാക്യാർകൂത്ത്, കൃഷ്ണനാട്ടം, യക്ഷഗാനം തുടങ്ങിയ ക്ഷേത്രസംബന്ധമായ കലാരൂപങ്ങളാണ് അവതരിപ്പിച്ചിരുന്നത് എങ്കിൽ പിൻകാലങ്ങളിൽ കൂടുതൽ ജനകീയമായ നാടകം, ഗാനമേള ചൊൽക്കാഴ്ച, മിമിക്സ്പരേഡ്, സിനിമാറ്റിക് ഡാൻസ് എന്നിവയ്ക്ക് കൂടുതൽ പ്രചാരം ലഭ്യമായി. പുരാണ ഇതിഹാസത്തിലെ കഥകൾ ചുവടുപിടിച്ച് അവതരിപ്പിക്കുന്ന ബാലെ (നൃത്തനാടകം) ഈ കാലഘട്ടത്തിലെ തന്നെ ഒരു കണ്ടുപിടുത്തമാണ്. മുൻകാലങ്ങളിൽ ഉത്സവത്തിന്റെ ആവേശം പൂർണ്ണമായും ഉൾക്കൊണ്ടിരുന്നത് ഈ കലാരൂപങ്ങളായിരുന്നു. അന്നൊക്കെ ഉത്സവപറമ്പുകളിൽ താല്ക്കാലികമായി നിർമ്മിച്ച സ്റ്റേജിന്റെ മുമ്പിൽ കാലേകൂട്ടി പായും വിരിച്ച് ക്ഷമയോടെ കാത്തിരിക്കുന്ന പ്രേഷകലോകത്തെ അത്ര പെട്ടന്നൊന്നും മറക്കാൻ കഴിയില്ല. കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിലാണ് ജനകീയ കലകളായ നാടകത്തിനും ഗാനമേളക്കും മിമിക്സ് പരേഡിനും ലഭ്യമായിക്കൊണ്ടിരുന്ന പ്രേഷകരുടെ എണ്ണത്തിൽ വൻ ഇടിവുണ്ടായത്. ടെലിവിഷൻ സീരിയലുകളുടെയും റിയാലിറ്റി ഷോകളുടെയും കോമഡി പരിപാടികളുടെയും ആധിക്യം സ്വാഭാവികമായും ജനകീയ കലാപരിപാടികളെ തകർത്തു. പല ക്ഷേത്ര ഉത്സവങ്ങളിലും ഇന്ന് കലാപരിപാടികൾ നടത്തുന്നതിന് കമ്മിറ്റി താല്പര്യം പ്രകടിപ്പിക്കാറില്ല. ഗാനമേളയാണ് ഇതിന് ഏറ്റവും വലിയ രക്തസാക്ഷ്യത്വം വരിച്ചത് ഗാനമേള മുറുകുമ്പോൾ പ്രേഷകരിൽ ഉണ്ടാകാറുള്ള തുള്ളിക്കളികൾ സംഘർഷങ്ങൾക്ക് വഴിവെയ്ക്കുകയും അത് അനിഷ്ഠ സംഭവങ്ങൾക്ക് കാരണമാകുന്നതുംകൊണ്ടാണ് ഗാനമേള ഉത്സവ കമ്മിറ്റികൾക്ക് തികച്ചും അപ്രിയകരമാകുന്നത്.

നിയമവിരുദ്ധവും സംഘർഷസാധ്യത നിലനിൽക്കുന്നതുമായ മറ്റൊരു ഉത്സവ രംഗമാണ് ഗാംബ്ലിംഗ് അഥവാ പ്രാദേശിക ചൂതാട്ടം. ഇവിടെ നാമമാത്ര തുകകൾ മാത്രം ചെലവാക്കി ചൂതാടുന്ന കവർപ്ലേ, കൂലിക്കുത്ത്, കറക്ക്, ആനമയിൽ ഒട്ടകം തുടങ്ങി ലക്ഷങ്ങൾ മറിയുന്ന പന്നിമലത്ത്(ഫ്ളാഷ്) ചീട്ടുകളിവരെ നടമാടിയിരുന്നു. പെട്രോ മാക്സിന്റെയും, മണ്ണെണ്ണ വിളക്കിന്റെയും വെളിച്ചത്തിൽ നടമാടിയിരുന്ന ഇത്തരം ചൂതാട്ടങ്ങൾ മിക്ക അവസരങ്ങളിലും സംഘർഷപൂരിതമായ രംഗങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ഉത്സവപ്പറമ്പുകൾ എല്ലാം കച്ചവടകേന്ദ്രങ്ങൾ കൂടിയാണ്. വളയും മാലയും, ചാന്തും, പൊട്ടും തുടങ്ങി സ്ത്രീജനങ്ങൾക്ക് താല്പര്യമേറുന്ന അലങ്കാര വസ്തുക്കൾ വിൽക്കുന്ന കച്ചവടങ്ങളാണ് ഏറിയ പങ്കും. എന്നാൽ കുട്ടികൾക്കുള്ള കളിക്കോപ്പുകളും മറ്റ് ഗൃഹോപകരണങ്ങളും വിൽക്കുന്ന കടകളും ഇന്ന് ഉത്സവ പറമ്പുകളിൽ അനവധിയുണ്ട്. മുൻകാലങ്ങളിൽ നാട്ടിൽ അധികം പ്രചാരമില്ലാത്ത മധുരപലഹാരങ്ങൾ വിരുന്നിനെത്തുന്ന അപൂർവ്വ ദിനങ്ങളായിരുന്നു ഉത്സവ സമയങ്ങൾ. എരുമേലി അയ്യപ്പക്ഷേത്രവും, വാവരുടെ മോസ്ക്കും സെബസ്റ്റ്യാനോസിന്റെ പള്ളിയും ബുദ്ധവിഹാരങ്ങളും ഒന്നിച്ച് കൈകോർത്ത് ഉത്സവ ആഘോഷങ്ങളിൽ ഏർപ്പെടുന്ന അപൂർവ്വ നിമിഷങ്ങൾ സ്വന്തമായുള്ള മാതൃകാ സംസ്ഥാനമാണ് നമ്മുടെ ഹരിതകേരളം. ഉത്സവ പറമ്പുകളിൽ വിറ്റഴിഞ്ഞിരുന്ന മധുര പലഹാരങ്ങളേക്കാൾ മാധുര്യമേറുന്ന സംസ്ക്കാരിക സൗഹൃദങ്ങൾ ലോകത്തിന് സമ്മാനിക്കുന്ന സവിശേഷ അവസരങ്ങളാണ് നമ്മുടെ ഉത്സവങ്ങൾ. കൈകോർത്ത് ഒരു മനസ്സോടെ നമുക്ക് ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കാം.

*ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് ലേഖകൻ*



ഇത് സൂപ്പർമാർക്കറ്റുകളുടെയും അത്യാധുനിക മാളുകളുടെയും കാലമാണ്. ഉൾനാടൻ ഗ്രാമങ്ങളിലെ പലചരക്ക് കടകൾക്കും, സ്റ്റേഷനറി കടകൾക്ക് പോലും ഇന്നിതാ മിനി സൂപ്പർമാർക്കറ്റുകളുടെ ധാടിയും മോടിയും കൈവന്നിരിക്കുന്നു. ഇവിടെയും വിൽക്കുന്നത് ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങളാണേറെയും, എന്തിനേറെ നാട്ടിൻപുറത്തെ പച്ചക്കറികടയിലും പഴക്കടയിലും സ്ഥിതി വ്യത്യസ്ഥമല്ല. നെറ്റിൽ പൊതിഞ്ഞ ആപ്പിളും, സ്റ്റിക്കറൊട്ടിച്ച കടും മഞ്ഞ ഓറഞ്ചും, ദുരിയാനും, റമ്പൂട്ടാനും, മാംഗോസ്റ്റിനും, പാക്കറ്റിൽ നിറച്ച കുരുവില്ലാത്ത നല്ല തുടുത്ത മുന്തിരിങ്ങയും, അൽഫോൻസ മാങ്ങയും ഒക്കെ ആകർഷകമായി അടുക്കിവെച്ചിരിക്കുന്ന പഴക്കടയും ഇപ്പോഴിതാ ഒരു ന്യൂ ജനറേഷൻ ഫോമിലാണ്. മലക്കറിക്കടയുടെ കാര്യം ഇതിലും കേമം. ഇവയിൽ ഒന്നുപോലും ഈ പ്രദേശത്തോ സമീപ പ്രദേശങ്ങളിലോ ഉണ്ടായവയല്ല. എല്ലാം വ്യാവസായിക ഉൽപ്പന്നങ്ങൾ പോലെ എവിടെ നിന്നെല്ലാമോ വന്നുചേർന്നവയാണ്.

ഇതെല്ലാം എവിടെ ആരാണ് ഉൽപ്പാദിപ്പിച്ചത്? എന്തെല്ലാം വളങ്ങളും കീടനാശിനികളും ചേർത്തിട്ടുണ്ട്? സൂക്ഷിപ്പ് കാലദൈർഘ്യം കൂട്ടുവാൻ എന്തെങ്കിലും രാസിക പ്രയോഗം നടത്തിയിട്ടുണ്ടോ? ചോദിക്കുന്ന വില നൽകി വാങ്ങി യഥേഷ്ടം ഉപയോഗിക്കുന്ന നാം ഇതൊന്നും അന്വേഷിക്കാറില്ല. അന്വേഷിച്ചിട്ട് ഒട്ടും ഫലവുമില്ല. അന്യനാടുകളിൽ നിന്നെത്തുന്ന പഴങ്ങളിലെയും പച്ചക്കറികളിലെയും കീടനാശിനികളുടെ ആധിക്യത്തെക്കുറിച്ച് വല്ലാതെ ആശങ്കപ്പെടാം. അതിർത്തിയിൽ തടയും, പരിശോധിക്കും, തിരിച്ചയയ്ക്കും എന്നൊക്കെപ്പറയുകയും ചെയ്യാം, അത്രയേ കഴിയൂ. അതേപോലെ തന്നെ ആഗോളവൽക്കരണം നമ്മുടെ ഗേറ്റു കടന്നുവന്ന് അടുക്കളയിലെ ഉറിയും, ഉറിയിലുണ്ടായിരുന്ന മൺകലവും, പതാമ്പുറത്ത് വെച്ചിരുന്ന ഉപ്പും ഉപ്പുമരവിയും കൊള്ളയടിച്ചുകൊണ്ടുപോയി എന്ന് നാം ഉപന്യസിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. പക്ഷേ എന്താണിതിനൊരു പരിഹാരം? അതിജീവനമാർഗ്ഗം?

ഇതാ ഇവിടെയാണ് നമ്മുടെ പഴയ ഗ്രാമച്ചന്തകൾ അഥവാ നാട്ടുചന്തകൾ തിരിച്ചുവരേണ്ടതിന്റെ പ്രാധാന്യമേറുന്നത്. ഇടത്തട്ടുകാരനില്ലാതെ, വമ്പൻ പരസ്യങ്ങളില്ലാതെ, കയറ്റുമതിക്കും ഇറക്കുമതിക്കും ചുങ്കം നൽകി നടുവൊടിക്കാതെ, വിജയിച്ചെടുക്കുന്നവനും വാങ്ങി ഉപയോഗിക്കുന്നവനും തമ്മിൽ നേർവ്യാപാരം നടത്തിയിരുന്ന നാട്ടുചന്തകൾ യഥാർത്ഥത്തിൽ ഗ്രാമീണ ഓപ്പൺ സൂപ്പർ മാർക്കറ്റുകളായിരുന്നു. വലിയ കെട്ടിയ സമുച്ചയങ്ങളും, ശീതീകരണ സംവിധാനങ്ങളും, അടച്ചുപൂട്ടും, സെക്യൂരിറ്റിയും ആവശ്യമില്ലാതെ തുറന്ന വിപണി. പ്രഭാത ചന്തകളും, അന്തിച്ചന്തക

മുരളീധരൻ തഴക്കര

# പുനർജനിക്കേണ്ട ഗ്രാമചിന്തകൾ



ളും, ആഴ്ച ചന്തകളും, മാസച്ച ന്തകളുമുണ്ടായിരുന്നു. ഉപ്പുതൊട്ട് കർപ്പൂരം വരെ എന്തും ചന്തയിൽ കിട്ടുമായിരുന്നു. ഇവിടെ കച്ചവട ക്കാരനും ഉപഭോക്താവും എന്നതി ലുപരി പരസ്പരം അറിയുന്നവരും നാളെയും കാണേണ്ടവരുമാണെന്ന ബോധം ചന്തയിലെ കച്ചവടത്തിന് ഒരു മനുഷ്യമുഖം നൽകുന്നു. ഇനി എപ്പോഴാ കാണുക? എന്ന ചോദ്യ ത്തിന് വൈകിട്ട് ചന്തയിൽ കാണാം എന്നു പറഞ്ഞാണ് സുഹൃത്തുക്കൾ പിരിയുന്നത്. ചുരുക്കത്തിൽ പരസ് പരം കണ്ടുമുട്ടുന്നതിനും, സൗഹൃദം പങ്കിടുന്നതിനുമുള്ള ഒരു ഇടം കൂടി യായിരുന്നു ഗ്രാമചന്തകൾ.

മീനും മുട്ടയും തൈരും കാന്താ രിമുളകും ചക്കയും ചക്കക്കുരുവും വിത്തുവകകളും നാളികേരവും വെ റ്റയും പാക്കും ചുണ്ണാമ്പും കുട്ടയും വട്ടിയും മുറവും തഴപ്പായും മണ്ണെണ്ണ വിളക്കും ചട്ടിയും കലവും തുടങ്ങി നിത്യജീവിതത്തിന് വേണ്ടതെല്ലാം ലഭിക്കുന്ന നന്മയുടെ വിപണിയായി രുന്നു ഇത്.

ചന്തയുടെ ഏതെങ്കിലും ഒരു കോണിൽ പാട്ടു പുസ്തകങ്ങളുടെ വിൽപ്പനയും നടക്കും. ചപ്ലാകട്ട യൊഴിച്ച് വിൽപ്പനയ്ക്കു വെച്ചിട്ടുള്ള പാട്ടുപുസ്തകത്തിലെ പാട്ടിന്റെ വരികൾ ഉച്ചത്തിൽ പാടുന്ന വിൽപ്പ നക്കാരൻ ശബ്ദമുഖരിതമായ ചന്ത യുടെ അന്തരീക്ഷത്തെ ഇടയ്ക്കിടെ സംഗീത സാന്ദ്രമാക്കുന്നു. ചന്തയിൽ തന്നെ വ്യത്യസ്ഥ ഭാഗങ്ങൾ ഓരോ രോ കച്ചവടങ്ങൾക്കായി വിഭജിച്ചു നൽകും. മുകൾവശം ചേർത്തു കെ ട്ടിയ മൂന്നു കുന്തക്കാലിൽ നടുവിൽ തൂക്കിയിട്ടിരിക്കുന്ന ത്രാസ്സിന്റെ തട്ടി യിൽ കട്ടികൾ കൊണ്ട് മുട്ടി ശബ്ദമു ണ്ടാക്കി മരച്ചീനി വിൽക്കുന്നയാളിന് നാട്ടുഭാഷയിൽ 'ചീനിക്കാരൻ മുത ലാളി' എന്നാണ് വിളിപ്പേര്. ചന്തയു ടെ മറ്റൊരു ഒഴിഞ്ഞ കോണിലാണ് മീൻകച്ചവടത്തിന്റെ ആരവങ്ങൾ അരങ്ങേറുക. മീനിന്റെ വിശേഷണ വിശേഷങ്ങൾ ഉച്ചത്തിൽ പറയുന്നതി നിടയിൽ അന്യോന്യമുള്ള തർക്കവി തർക്കങ്ങളും തെറിവിളികളുമൊക്കെ മേമ്പൊടിയായി കേൾക്കാൻ കഴി യും. 'മീൻചന്തയിലെ ഭാഷ പറയുക' എന്നത് മലയാളത്തിലെ ഒരു പ്രയോ ഗമായി മാറിയതും അതുകൊണ്ടുത

**മീനും മുട്ടയും തൈരും കാന്താരിമുളകും ചക്കയും ചക്കക്കുരുവും വിത്തുവകകളും നാളികേരവും വെറ്റയും പാക്കും ചുണ്ണാമ്പും കുട്ട യും വട്ടിയും മുറവും തഴപ്പായും മണ്ണെണ്ണ വിളക്കും ചട്ടിയും കലവും തുടങ്ങി നിത്യജീവിതത്തിന് വേണ്ടതെല്ലാം ലഭിക്കുന്ന നന്മയുടെ വിപ ണിയായിരുന്നു ഇത്.**

ന്നെയാകാം.

പഞ്ചായത്തുകളുടെയും മുനി സിപ്പാലിറ്റികളുടെയും ഒരു വരു മാന സ്രോതസ്സുകൂടുയായിരുന്നു ഗ്രാമച്ചന്തകൾ. വർഷാവർഷം 'ചന്ത പ്പിരിവ്' ലേലം ചെയ്യും. ചന്തയിൽ സാധനങ്ങൾ വിൽപ്പനയ്ക്കായി കൊണ്ടുവരുന്നവർ സാധനങ്ങളുടെ അളവനുസരിച്ച് ഒരു നിശ്ചിത തുക ഇരിപ്പുകൂലിയായി നൽകണം. ഇതി ന്റെ നിരക്ക് പഞ്ചായത്ത് തന്നെയാ ണ് നിശ്ചയിക്കുന്നത്. കൈയ്യിൽ ഒരു ചെറിയ ഹാൻഡ് ബാഗുമായി "ചന്ത കൺട്രാക്ടർ" ഓരോരുത്തരുടെയും അടുത്തെത്തി ചന്തപ്പിരിവ് വാങ്ങും. ഒന്നും രണ്ടും ചന്തകളുള്ള പഞ്ചായ ത്തുകൾക്ക് ഇതൊരു പ്രധാന വരു മാനമാർഗ്ഗമായിരുന്നു. ചന്തകളുടെ പ്രവർത്തനം മന്ദീഭവിക്കുകയും വി വിധ വകുപ്പുകളിൽ നിന്നും, പദ്ധതി കളിൽ ഉൾപ്പെടുത്തിയും തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമായതോടെയും ചന്തയുടെ പരി പാലനവും ചന്തലേലവും അതിൽ നിന്നുള്ള വരുമാനവും വേണ്ടത്ര ശ്രദ്ധിക്കാതെയായി.

വൈകുന്നേരങ്ങളിൽ മുപ്പരക്കു ട്ടയിൽ നിറയെ ഏതെങ്കിലും കാർ ഷികോത്പ്പന്നങ്ങളുമായി മാങ്കാം കുഴി ചന്തയിൽ അപ്പൂപ്പനോടൊപ്പം പോയിരുന്ന ബാല്യകാലം മനസ്സിൽ നിന്നും മായാത്ത ഒരു കാർഷിക സ്മൃതിയാണ്. ചന്തയുടെ ഓരം ചേർന്നുള്ള സദാനന്ദന്റെ റോയൽ കോഫിവർക്സിൽ നിന്നുള്ള കാപ്പി പ്പൊടി വറുത്ത് പൊടിക്കുമ്പോഴുള്ള അതീവ ഹൃദ്യമായ ഒരു മണമുണ്ട്. ഏറെ സജീവമായിരുന്ന ആ പഴയ ഗ്രാമച്ചന്തയുടെ ഓർമ്മ മണമായി ഇന്നും അത് ബാക്കി നിൽക്കുന്നു.

ഗ്രാമച്ചന്തകളുടെ പഴയ പ്രൗഢിയും പ്രതാപവും നഷ്ടമായെ ങ്കിലും നാമമാത്രമായി ഇന്നും പല പ്രദേശങ്ങളിലും അവ നിലനിൽക്കു ന്നു എന്നതുതന്നെ അത്ഭുതമാണ്. ചന്തകൾക്ക് വേണ്ടത്ര പരിഷ്ക്കാരം പോരാഞ്ഞ് സൂപ്പർമാർക്കറ്റുകളിലേ ക്ക് പോയവരിൽ പലരും വീണ്ടും ഗ്രാമച്ചന്തയിലേക്ക് മടങ്ങിവരുന്നു എന്നത് ശുഭോദാർക്കമാണ്. ശനി യാഴ്ചയോ-ഞായറാഴ്ചയോ എന്റെ ഗ്രാമത്തിലെ പ്രഭാത ചന്തയായ 'കല്ലുമലയിൽ' പോയി മീനും, ഉണ ക്ക കപ്പയും, നെയ്യ്ക്കുമ്പളങ്ങയും, കറിക്കത്തിയും ഒക്കെ വാങ്ങുന്ന ചന്തയുടെ ഗുണഭോക്താവാണ് ഈ കുറിപ്പെഴുതുന്ന ഞാനും. ഇപ്പോൾ ഈ ഗ്രാമങ്ങളിൽ വല്ലാത്ത തിരക്കാ ണ്. പ്രത്യേകിച്ച് അവധി ദിവസങ്ങ ളിൽ നിന്നു തിരിയാൻ ഇടമില്ല. ഇത് തിരിച്ചറിവിന്റെ സാക്ഷ്യമാണ്.

പ്രിയപ്പെട്ട വായനക്കാരെ, പ്രവർത്തനം നിലയ്ക്കുകയും നിർ ജ്ജീവമാകുകയും ചെയ്ത ഗ്രാമച്ച ന്തകളെ പുനരുജ്ജീവിപ്പിക്കുകയും സജീവമാക്കുകയുമാണ് വേണ്ടത്. ആഗോളവൽക്കരണത്തിനെതിരെ യും ബഹുരാഷ്ട്ര കമ്പനികളുടെ ഉൽ പ്പന്നങ്ങൾക്കെതിരെയും സമരവും ചങ്ങലയും തീർക്കുമ്പോൾ ഇങ്ങ നെയുള്ള പ്രായോഗിക ബദലുകളെ ക്കുറിച്ച് കൂടി നമുക്ക് ചിന്തിക്കാം. കഠിനാദ്ധ്വാനത്തിലൂടെ കാർഷി കോൽപ്പന്നങ്ങൾ വിളയിച്ചെടുത്ത് നമ്മുടെ വിശപ്പാറ്റുന്ന കൃഷിക്കാരൻ വിപണിയിൽ തോൽക്കാതിരിക്കാൻ ചുറ്റുവട്ടത്ത് തന്നെയുണ്ടാകുന്ന വിഷം തീണ്ടാത്ത ഉൽപ്പന്നങ്ങൾ വാങ്ങുവാൻ, പരസ്യങ്ങളുടെ മായിക പ്രഭയിൽ വീണുപോകാതിരിക്കാൻ, ഇടനിലക്കാരന്റെ ചൂഷണം ഒഴിവാ ക്കാൻ, പാരസ്പര്യത്തിന്റേതായ ഈ സൗഹൃദവാണിഭത്തെ-ഗ്രാമച്ചന്ത കളെ നമുക്ക് പ്രോത്സാഹിപ്പിക്കാം. എല്ലാ കൃഷിഭവനുകളോടുമൊപ്പം ഓരോ കൃഷിഭവന്റെയും പരിധിയിൽ ഒരു 'ആഴ്ചചന്ത' എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിയില്ലേ? കഴിഞ്ഞിരുന്നെങ്കിൽ എന്നാശിച്ചു പോകുന്നു.!

വിഷ്ണു എൻ

# പ്രോജക്ട് നമ്പർ വൺ



റോസമ്മ ടീച്ചർ രാവിലെ തിരക്കിലാണ്. ഇന്നാണ് പുതിയ ഭരണസമിതി അധികാരമേറ്റെടുത്തതിനു ശേഷമുള്ള ആദ്യത്തെ പൊതുപരിപാടി. പാർട്ടി കൊടിയുടെ നിറമുള്ള ബോർഡർ വച്ച വെള്ള ഖദർ സാരി തേച്ചുകൊണ്ടിരിക്കെ മൂത്തമകൾ അന്നയോടായി ടീച്ചറിന്റെ ചോദ്യം "ഇതുതന്നെ മതിയല്ലോ അല്ലേ"?

കോട്ടയം ജില്ലയിലെ മലയോര ഗ്രാമപഞ്ചായത്തിന്റെ ആദരണീയ പ്രസിഡന്റാണ് റോസമ്മ ടീച്ചർ. പണ്ട് അയൽവാസികളായ പിള്ളേർക്ക് അക്ഷരം പഠിപ്പിച്ചുകൊടുത്തതിന്റെ ഫീസായി കിട്ടിയ "ടീച്ചർ" വിളി റോസമ്മ ടീച്ചറിന്റെ രാഷ്ട്രീയ ജീവിതത്തെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. ജനങ്ങൾക്ക് വലിയ പ്രതീക്ഷകളാണ് ടീച്ചറിന്മേൽ, നാടിന്റെ ഉയർച്ച റോസമ്മ ടീച്ചറിലൂടെ മാത്രമേ സാധ്യമാകൂ എന്നു പോലും വിശ്വസിക്കുന്നവരുണ്ട്. അതൊക്കെ സത്യമാണ് എന്ന് തെളിയിക്കേണ്ടേ? അതിനായി ഭരണത്തിന് ഒരു നല്ല തുടക്കം ഉണ്ടാവണം. അത് ടീച്ചറിന് നിർബന്ധമായിരുന്നു. അതുകൊണ്ട് തന്നെയാണ് ഈ പുതുപുത്തൻ ഭരണസമിതി നടപ്പിലാക്കുന്ന ആദ്യത്തെ പ്രോജക്ട് എന്തായിരിക്കണം എന്ന് തീരുമാനിക്കാൻ ടീച്ചർക്ക് അത്രയധികം ആലോചിക്കേണ്ടി വന്നത്.

രാവിലെ ഒൻപതു മണിക്കു തന്നെ പഞ്ചായത്തുവക വാഹനത്തിൽ പ്രസിഡന്റ് റെഡി. പ്രസിഡന്റ് എത്തുന്നതിനു മുമ്പ് തന്നെ

ഉദ്യോഗസ്ഥരും മറ്റു മെമ്പർമാരും, നാട്ടിലെ സകലമാന വെള്ളക്കുപ്പായക്കാരും ഹാജർ. കോടി, തോരണം, മാല, മൈക്ക്, കോളാമ്പി, പടക്കം, കയ്യടിക്കാൻ ജനക്കൂട്ടം വരുന്നവർക്ക് കുടിക്കാൻ ഉപ്പിട്ട നാരങ്ങാവെള്ളം സകലതും തയ്യാർ. ഇനി സ്ഥലം എം.എൽ.എ. ഒന്നുവന്നു കിട്ടുകയേ വേണ്ടൂ. പത്തു മിനിട്ടു കഴിഞ്ഞപ്പോൾ ദാ എം.എൽ.എ.യും സ്ഥലത്തെത്തി. നിയമസഭാ സമ്മേളനത്തിൽപ്പോലും പങ്കെടുക്കാതെ തന്റെ മണ്ഡലത്തിന്റെ ചരിത്രം തന്നെ തിരുത്തിക്കുറിക്കാൻ പോകുന്ന സുപ്രധാനമായ ഈ ചടങ്ങിൽ പങ്കെടുക്കാൻ പാഞ്ഞെത്തിയതാണ് അദ്ദേഹം. എന്നാൽ "മുഖ്യാതിഥി" മാത്രം ഇതുവരെ എത്തിയിട്ടില്ല. കാത്തിരിപ്പിന്റെ നിമിഷങ്ങൾ.

അൽപ്പനേരത്തിനു ശേഷം ഏവരും കാത്തിരുന്ന അദ്ദേഹമെത്തി. പാലക്കാട്ടുനിന്നും കോട്ടയം വരെ സുന്ദരനായ ഒരു എൻഫീൽഡ് ബുള്ളറ്റിൽ. ഏതാണ്ട് 35 വയസ്സുപ്രായം. വായിൽ മുറുക്കാൻ, കറുത്ത കരയുള്ള വെള്ളമുണ്ട്, കറുത്ത ഫുൾകൈ കോട്ടൺ ഷർട്ട്, കയ്യിൽ രണ്ട് മൂന്ന് ചരടുകൾ, കട്ടിത്താടി, കട്ടിമീശ പേര് സുശീലൻ. ചുറ്റും കൂടിയ ജനങ്ങൾ മമ്മൂട്ടിയെ അടുത്തു കണ്ടതുപോലെ അന്ധാളിച്ചു നിന്നു. കുട്ടികളാവട്ടെ, ടിയാനെ ഒന്നു തോടാൻ ശ്രമിച്ചു. റോസമ്മ ടീച്ചർ മനസ്സിൽ ഉരുവിട്ടു "കേരളം മുഴുവൻ വാഴ്ത്താൻ പോകുന്ന സുന്ദരമായ ആ പദ്ധതി നടപ്പിലാക്കാൻ വന്ന വീര പുരുഷാ നിനക്ക് അഭിവാദനങ്ങൾ".

തുടർന്ന് എം.എൽ.എ.യുടെ നേതൃത്വത്തിൽ മാലയിടലും പ്രസംഗവും. പിന്നാലെ കൈയ്യടി, വെടിക്കെട്ട്, സ്ഥിരം കലാ പരിപാടികൾ.. ആവേശത്തിന്റെ നിമിഷങ്ങൾ... സുശീലന് താമസിക്കാൻ നാട്ടിലെ ഏറ്റവും സൗകര്യമുള്ള മേരിമാതാ ലോഡ്ജിലെ മുറി തന്നെ പ്രസിഡന്റ് സംഘടിപ്പിച്ചു നൽകി. ഭക്ഷണത്തിന് അവറാച്ചിന്റെ ഹോട്ടലും, വൈകിട്ട് വീശാൻ പട്ടയും മറ്റും ഏർപ്പാടാക്കി നൽകാൻ വൈസ് പ്രസിഡന്റ് തോമാച്ചനേയും ചുമതലപ്പെടുത്തി.

പിറ്റേന്നു രാവിലെ തന്നെ സുശീലൻ ഡ്യൂട്ടിക്കിറങ്ങി. ഒപ്പം സഹായിയായി പ്രസിഡന്റ് തന്നെ ഏർപ്പാടാക്കിക്കൊടുത്ത കുഞ്ഞുമോനും. പ്രോജക്ടുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധികളും ബഹു.സർക്കാർ നിർദ്ദേശങ്ങളുമടങ്ങിയ ഫയലും ചുമന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഹാജർ. ഒപ്പം ഡ്യൂട്ടി നടപ്പിലാക്കുന്നതു കാണാൻ നാട്ടുകാരുടെ പ്രതിനിധികളായി ചിലരും.

സുശീലൻ തന്റെ ആയുധങ്ങൾ ഒന്നൊന്നായി പുറത്തെടുത്തു. ഒരു വടി; അതിന്റെ അറ്റത്ത് ഇരുമ്പ് കമ്പി വട്ടത്തിൽ ചുറ്റിയിരിക്കുന്നു, ഒരു തുരുമ്പെടുത്ത കത്രിക, ഒരു ചാക്ക്,ഇത്യാദി ആയുധങ്ങളുമായി സുശീലൻ ഒരുപാട് അലഞ്ഞു. ഒപ്പം ജനങ്ങളുടെ പ്രതിനിധികളും. ഒറ്റ "പദ്ധതി ഗുണഭോക്താവിനെയും" കണ്ടുകിട്ടുന്നില്ല. ഒന്നുരണ്ടെണ്ണത്തിനെ കണ്ടതാവട്ടെ, ജീവനും കൊണ്ടോടി. "വല്ലവന്റേം കാലനെ കണ്ടാൽ തിരിച്ചറിയുന്ന പട്ടികളാ, പിന്നാ സ്വന്തം കാലനെ കണ്ടാൽ തിരിച്ചറിയാഞ്ഞത്?" അല്ല പിന്നെ! കൂടെയുണ്ടായിരുന്ന ഒരു പ്രതിനിധിയുടെ കമന്റ്. ഒടുവിൽ പേരിന് രണ്ടുമൂന്ന് "പദ്ധതി ഗുണഭോക്താക്കളുടെ" മേൽ ആയുധം പ്രയോഗിച്ച് സുശീലൻ ഡ്യൂട്ടി പൂർണ്ണമായതായി പ്രഖ്യാപിച്ചു.

വീണ്ടും സ്വീകരണ സമ്മേളനം, മാലയിടൽ, പ്രസംഗം, കൈയ്യടി, വെടിക്കെട്ട് ഇവയുടെ രണ്ടാം ഭാഗം. ആയതു റിപ്പോർട്ട് ചെയ്യാൻ കേരളത്തിലെ എല്ലാ പ്രധാന മാധ്യമ അച്ചയന്മാരും റെഡി.

പിറ്റേന്നെത്ത പത്രത്തിൽ ഇന്നലെ പ്രസംഗത്തിൽ താൻ പരാമർശിച്ച വാചകങ്ങൾ വായിച്ച് റോസമ്മ ടീച്ചർ പുളകം കൊണ്ടു. "ഇനി ഇന്നാട്ടിലെ ജനങ്ങൾക്ക് ഏതുനേരവും റോഡിലൂടെ സമാധാനമായി നടക്കാം. നമ്മുടെ നാടിന്റെ വലിയൊരു ഭീതിയാണ് ഇന്ന് തുടച്ചുനീക്കപ്പെട്ടിരിക്കുന്നത്".

വാർത്താ ചാനലുകളിൽ റോസമ്മ ടീച്ചറിന്റെ മുഖം മിന്നിത്തിളങ്ങി. തുടർന്നുള്ള ദിവസങ്ങളിൽ ചാനലുകൾ ഇതിന്മേൽ ചർച്ചകളും തുടങ്ങി. പദ്ധതിയെ അനുകൂലിച്ച് പൊതുപ്രവർത്തകരും, മുതലാളിമാരും. അതിനെ എതിർത്ത് അവതാരികമാരും, ചില സിനിമാപ്രവർത്തകരും, ന്യൂജനറേഷനും. ഇംഗ്ലീഷിലും മലയാളത്തിലും ചർച്ചകൾ, ഒരു ചാനൽ വിഷയത്തിന്റെ മതപരമായ അടിത്തറപോലും ചർച്ചക്ക് വിധേയമാക്കി. റോസമ്മ ടീച്ചർക്ക് അഭിവാദ്യമർപ്പിച്ചും, എതിരായും റാലികൾ, സമ്മേളനങ്ങൾ. ആകെ ബഹളം. ബഹളങ്ങൾക്കുശേഷം 'പദ്ധതി' നിർവ്വഹണത്തിനായി സ്വന്തം കയ്യിൽ നിന്നു ചിലവായ സംഖ്യ കൂട്ടിനോക്കിയപ്പോൾ ടീച്ചറൊന്ന് ഞെട്ടി. സുശീലന്റെ താമസം, ഭക്ഷണം, സ്വീകരണം തുടങ്ങിയവ എല്ലാത്തിനും കൂടി ഒരു ആറക്ക സംഖ്യ! പടക്കത്തിനും മറ്റുള്ളവയ്ക്കുംകൂടി ചിലവായതിന്റെ കടം തീർക്കാൻ വേറെയും. രണ്ടേക്കർ റബ്ബർ അല്ലാതെ മറ്റൊന്നും തന്നെ സാമ്പത്തിക സ്രോതസ്സില്ലാത്ത റോസ്സമ്മ ടീച്ചർ കഴിഞ്ഞമാസം മകൾക്കുവാങ്ങിയ രണ്ടരപവന്റെ പുതുപുത്തൻ സ്വർണ്ണമാല പണയപ്പെടുത്തിയും, അയൽക്കാരോട് കൈവായ്പ വാങ്ങിയതും ചേർത്ത് ഒരു വിധത്തിൽ തോണി കരക്കടുപ്പിച്ചു. തന്റെ കന്നി രാഷ്ട്രീയനീക്കം ഏൽപ്പിച്ച സാമ്പത്തിക നഷ്ടങ്ങളെക്കുറിച്ചോർത്ത് ആവലാതിപ്പെട്ട ടീച്ചറിന് ആശ്വസിക്കാൻ ഒരേയൊരു വക മാത്രം. പരിക്കുകൾ തീർക്കാൻ ഇനിയും 'പദ്ധതികൾ' വരുന്നുണ്ടല്ലോ?

ശുഭം!

*പിൻകുറിപ്പ് : കേരളത്തിലെ വിദഗ്ദ്ധരായ പട്ടിപിടുത്തക്കാരുടെ ഫോൺ നമ്പരും വിലാസവും ലേഖകന്റെ കൈവശം റെഡിയാണ്. ആവശ്യമായ 'ഫീസ്' ഒടുക്കുന്ന മുറക്ക് ഏതൊരുപഞ്ചായത്ത് പ്രസിഡന്റിനും അത് കൈമാറുന്നതാണ്.*

*കോട്ടയം ഡി.ഡി.പി ഓഫീസിലെ സീനിയർ ക്ലാർക്കാണ് കഥാകാരൻ*

# കാർഷിക മേഖലയുടെ നവോത്ഥാനം കേരളത്തിന്റെ നിലനില്പിന് അനിവാര്യം

**സി.വി. രമേഷ്**



കേരളത്തിലെ കാർഷിക മേഖല വളരെ ഏറെ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന സമയമാണിത്. ഇത്തരം വെല്ലുവിളികളെ അതിജീവിച്ച് കാർഷിക മേഖലക്ക് ഒരു പുത്തനുണർവ്വ് പ്രദാനം ചെയ്യുവാൻ കർഷകരെ സർവ്വ സജ്ജരാക്കേണ്ടതുണ്ട്. ഓരോ കുടുംബത്തെയും ഭക്ഷ്യ സുരക്ഷിതത്വത്തിലേക്ക് നയിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിക്ക് നേതൃത്വപരമായ പങ്കു വഹിക്കുവാനുണ്ട്. നെൽവയലുകൾ ദിനം പ്രതി നികത്തപ്പെടുകയും ഭക്ഷ്യസുരക്ഷ മലയാളിക്ക് അന്യമായികൊണ്ടിരിക്കുകയും ചെയ്യുന്നു. അരിക്കും മറ്റു ഭക്ഷ്യവസ്തുക്കൾക്കും പൂർണമായും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ തീവ്രമായിരിക്കുന്നു. എഴുപതുകളിൽ 8.5 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നത് ഇന്ന്! കേവലം 1.72 ലക്ഷം ഹെക്ടർ ആയി ചുരുങ്ങിയിരിക്കുന്നു. കേവലം ഒന്നര മാസത്തേക്കുള്ള അരി മാത്രം നാം ഉത്പാദിപ്പിക്കുന്നു. ജലസംഭരണികളായിരുന്ന നെൽവയലുകളിൽ ഇന്ന് ഫ്ലാറ്റ് കൃഷിയാണ് നടക്കുന്നത്. അതി രൂക്ഷമായ കാലാവസ്ഥാ വ്യതിയാനം നെൽകൃഷിയെയാണ് ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത്. നമുക്ക് ഏറ്റവും കൂടുതൽ അരി നൽകുന്ന സംസ്ഥാനങ്ങളായ ആന്ധ്രയിലും കർണാടകത്തിലും കടുത്ത വരൾച്ച മൂലം നെൽകൃഷി കരിഞ്ഞുണങ്ങിയിരിക്കുന്നു. പയർവർഗ്ഗ വിളകൾ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന രാജസ്ഥാൻ, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലും കടുത്ത വരൾച്ച മൂലം കർഷകർ കൃഷി ഉപേക്ഷിച്ചിരിക്കുന്നു. അതിനാൽ പ്രതിസന്ധികൾ ഏറിവരുന്ന ഈ കാലഘട്ടത്തിൽ നിലവിലുള്ള കൃഷിയിടങ്ങൾ സംരക്ഷിച്ചു ശാസ്ത്രീയ കൃഷി രീതികളിലൂടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ചു കൃഷി ലാഭകരമാക്കുക എന്ന പ്രധാന ദൗത്യമാണ് നമ്മൾ ഏറ്റെടുക്കേണ്ടത്.

തൊഴിലാളി ക്ഷാമമാണ് ഇന്ന് കാർഷിക മേഖല നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രതിസന്ധി. തൊഴിലുറപ്പ് കൃഷിയിടത്തിലേക്ക് എന്നൊക്കെ കൊട്ടിഘോഷിച്ചെങ്കിലും, നെൽകൃഷി രംഗത്ത് ഇത് ഒട്ടും കാര്യക്ഷമമല്ല. നെൽകൃഷിയിലെ പ്രധാന തൊഴിലുകളായ നടീൽ, കളപറിക്കൽ, കൊയ്ത്ത് എന്നിവക്ക് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തൊഴിലാളികളെ ലഭ്യമാക്കുകയും തൊഴിൽസേനകളും കർമ്മസേനകളും രൂപീകരിച്ചു പൂർണയന്ത്രവത്കരണം നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ തൊഴിലാളി ക്ഷാമം പരിഹരിച്ച് നെൽകൃഷി സംരക്ഷിക്കുവാൻ പറ്റുകയുള്ളൂ. കൂടാതെ തരിശിട്ടിരിക്കുന്ന നിലത്തിൻറെ ഉടമകളുമായി സംസാരിച്ചു അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവർക്ക് കൃഷി സാധ്യമല്ലെങ്കിൽ അത്തരം നിലങ്ങൾ സ്വയം സഹായ സംഘങ്ങൾ മുഖേനയോ കുടുംബശ്രീ ഗ്രൂപ്പുകൾ വഴിയോ കൃഷി ചെയ്യുകയും അതിന് അവർക്ക് ആവശ്യമായ സഹായം ചെയ്തു കൊടുക്കുകയും ചെയ്യണം.

ഇന്ന് ഒരു കുപ്പി വെള്ളത്തിന് 20 രൂപ വിലയുള്ളപ്പോൾ 6 മാസം കഷ്ടപ്പെട്ട് ഉത്പാദിപ്പിക്കുന്ന ഒരു

കിലോ നെല്ലിന് കർഷകന് അതിനേക്കാൾ കുറഞ്ഞ നിരക്കാണ് ലഭിക്കുന്നത്. ഈ സാഹചര്യം മാറേണ്ടത് അത്യാവശ്യമാണ്. നെൽകൃഷിയിൽ കാലോചിതമായ യന്ത്രവത്കരണം നടപ്പിലാക്കിയാൽ മാത്രമേ ഈ രംഗത്തേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുവാൻ സാധിക്കൂ. ഇവർക്കായി അഗ്രോ സർവ്വീസ് സെൻററുകളും കാർഷിക ക്ലിനിക്കുകളും പഞ്ചായത്തുകൾ തോറും സ്ഥാപിക്കുകയും മുഴുവൻ യന്ത്രങ്ങളും സൌജന്യമായി ലഭ്യമാക്കുകയും വേണം. എന്നാൽ മാത്രമേ അഭ്യസ്തവിധ്യരായ ചെറുപ്പക്കാരേ സാമ്പത്തിക നേട്ടം ഉണ്ടാക്കി കൊടുക്കുന്ന ഒരു കാർഷിക തൊഴിൽ സംരംഭത്തിലേക്ക് ആകർഷിക്കുവാൻ കഴിയൂ. ഇവർക്ക് കൃഷി ഭവൻറെ നേതൃത്വത്തിൽ പരിശീലനം നൽകുകയും ആത്മവിശ്വാസം ജനിപ്പിക്കുകയും വേണം.

പഞ്ചായത്തുകൾ തോറും അടിസ്ഥാന വിവരശേഖരണം നടത്തി തരിശിട്ടിരിക്കുന്ന ഭൂമി ഏറ്റെടുത്ത് അവിടെ പച്ചക്കറിയോ കപ്പയോ കുടുംബശ്രീ / സ്വയംസഹായ സംഘങ്ങൾ എന്നിവ വഴി കൃഷി ചെയ്യിക്കണം. ഇവർക്ക് പലിശ രഹിത വായ്പയും സൌജന്യ നിരക്കിൽ ഉത്പാദനോപാധികളും ലഭ്യമാക്കണം. ആവശ്യമായ പശ്ചാത്തല സൗകര്യം പഞ്ചായത്ത് ഒരുക്കി കൊടുക്കണം. ജലസേചന സൌകര്യമില്ലാത്തിടത്ത് ജലസേചന സൗകര്യം ഒരുക്കണം. പ്രാദേശിക സഹകരണ സംഘങ്ങളുമായി സഹകരിച്ചു വിപണനത്തിനും ആവശ്യമായ സൌകര്യമൊരുക്കണം.

പച്ചക്കറി കൃഷിയും പുരയിടകൃഷിയും ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിപുലീകരിക്കണം. വാർഡ് മെമ്പർ അധ്യക്ഷനായി ക്ലസ്റ്ററുകൾ രൂപീകരിച്ച് വാർഡ് തല കർമ്മ പദ്ധതികൾ തയ്യാറാക്കി കർഷക കൂട്ടായ്മ ഉറപ്പുവരുത്തുകയും ചെലവ് കുറച്ച് പരമാവധി ലാഭം നേടുകയും വേണം. ഇവരുടെ നേതൃത്വത്തിൽ സംസ്കരണ യൂണിറ്റുകളും വിപണന കേന്ദ്രങ്ങളും സ്ഥാപിച്ചു കൃഷി ആദായകരമാക്കണം. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചു ജെ.എൽ.ജി ഗ്രൂപ്പുകൾ രൂപികരിച്ച് വാർഡ് തലത്തിൽ തൊഴിൽദായക സംരംഭങ്ങൾ ഉറപ്പാക്കേണ്ടതാണ്.

കൂടാതെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് കാർഷിക രംഗത്ത് ലാഭകരമായും വിജയകരമായും നടത്തികൊണ്ടുപോകാൻ കഴിയുന്ന തൈകളുടെ ഉത്പാദനം, കൂൺ കൃഷി, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, പശു വളർത്തൽ, മത്സ്യം വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുകയും പരമാവധി സാമ്പത്തിക സഹായവും അടിസ്ഥാന സൌകര്യവും ലഭ്യമാക്കുകയും ചെയ്യണം.

ഇന്നത്തെ രീതിയനുസരിച്ച് പദ്ധതി വിഹിതം വാർഡടിസ്ഥാനത്തിൽ പങ്കുവയ്ക്കുന്ന രീതി മാറ്റി, അനാവശ്യ കെട്ടിടങ്ങൾക്കും റോഡുകൾക്കും പദ്ധതിവിഹിതം ചെലവഴിക്കുന്നതിന് പകരം, നീർത്തട വികസന മാസ്റ്റർ പ്ലാനിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുകയും ദീർഘ വീക്ഷണത്തോടെ 5 വർഷം കൊണ്ട് ഏറ്റെടുക്കാവുന്ന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്യണം. കൂടാതെ പഞ്ചായത്തിന് കൈമാറിക്കിട്ടിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പൂർണ്ണ വിശ്വാസത്തിലെടുക്കുകയും അവർക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകിക്കൊണ്ട് സമ്പൂർണ്ണ വികസനത്തിന് പാത തെളിക്കുകയും വേണം. കൃഷി ഭവനുകൾക്ക് ഇതിൽ നേതൃത്വപരമായ പങ്കുവഹിക്കുവാൻ കഴിയും. ഏതൊരു പ്രദേശത്തിൻറെയും വികസനത്തിൻറെ അടിത്തറ ആ പ്രദേശത്തിൻറെ കാർഷിക ഉന്നമനമാണ്.

ഇത്തരമൊരു കാഴ്ചപ്പാടോടെ ഏവർക്കും തൊഴിലും സുരക്ഷിത ഭക്ഷണവും ലഭ്യമാക്കുന്നതിനും നാടിൻറെ സമഗ്ര പുരോഗതിക്കും പഞ്ചായത്ത് കമ്മറ്റിക്ക് കഴിയട്ടെ എന്നും ആശംസിക്കുന്നു.

*കൃഷി ഓഫീസറാണ് ലേഖകൻ*



# പഞ്ചരസം കാർട്ടൂൺ പുസ്തകം പ്രകാശനം ചെയ്തു



പഞ്ചായത്ത് വകുപ്പിനെ പശ്ചാത്തലമാക്കി കാർട്ടൂണിസ്റ്റ് ബിന്ദുരാജ് എം.എ (ബിന്ദു) രചിച്ച പഞ്ചരസം എന്ന കാർട്ടൂൺ പുസ്തകം 2016 ഫെബ്രുവരി മാസം 20-ാം തീയതി പഞ്ചായത്ത് ദിനാഘോഷ വേളയിൽ എറണാകുളം അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വെച്ച് പ്രശസ്ത സാഹിത്യ നിരൂപകൻ ശ്രീ.എം.കെ.ഹരികുമാറിന് നൽകി പ്രകാശനം നടത്തുകയുണ്ടായി. പഞ്ചായത്തു വകുപ്പിനേയും പഞ്ചായത്തുകളേയും പശ്ചാത്തലമാക്കി രചിക്കപ്പെടുന്ന ഇന്ത്യയിലെ ആദ്യത്തെ കാർട്ടൂൺ പുസ്തകമാണ് പഞ്ചരസം എന്ന് കരുതപ്പെടുന്നു. പഞ്ചായത്തുകളിലെ നിരവധി നർമ്മ നിമിഷങ്ങളും ഭാവനയും ഒത്തുചേർന്ന രസകരമായ കാർട്ടൂണുകളാണ് ഓരോ പേജിലും ദൃശ്യമാകുന്നതെന്നും പഞ്ചായത്തുകളിൽ നിന്നും ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഫലിതവും, പുഞ്ചിരികളും തിരികെ കൊണ്ടുവരുന്നതിനും കാർട്ടൂണിസ്റ്റ് പഞ്ചരസം എന്ന തന്റെ പുസ്തകത്തിലൂടെ നടത്തിയിട്ടുള്ള ശ്രമം അഭിനന്ദനാർഹമാണെന്നും പുസ്തക പരിചയം നടത്തിയ സുവനീർ കമ്മിറ്റി കൺവീനർ ശ്രീ. മനോജ് അഭിപ്രായപ്പെട്ടു. പഞ്ചരസം കാർട്ടൂൺ പുസ്തകത്തിന്റെ രചയിതാവായ കാർട്ടൂണിസ്റ്റ് ശ്രീ.ബിന്ദുരാജ് എം.എ പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥനാണ്. നിലവിൽ അദ്ദേഹം ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.

# കവിതാ സമാഹാരം പ്രകാശനം ചെയ്തു

കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. മോഹനൻ കാനാട് രചിച്ച 'ആരവങ്ങൾക്കിടയിലെ മൗനം' എന്ന കവിതാ സമാഹാരം ജില്ല ഇൻഫർമേഷൻ ഓഫീസർ ശ്രീ.ഇ.വി.സുഗതന് കോപ്പി നൽകി ഫോക്‌ലോർ അക്കാദമി ചെയർമാൻ പ്രൊഫ. ബി.മുഹമ്മദ് അഹമ്മദ് പ്രകാശനം ചെയ്തു. ചടങ്ങിൽ പഞ്ചായത്ത് എംപ്ലോയീസ് റിക്രിയേഷൻ ക്ലബ്ബ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ.എൻ പ്രദീപ്കുമാർ സ്വാഗതം പറഞ്ഞു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.എം.എസ്.നാരായണൻ നമ്പൂതിരി അദ്ധ്യക്ഷം വഹിക്കുകയും ശ്രീ.പി.ആനന്ദൻ കവിത പരിചയപ്പെടുത്തുകയും ചെയ്തു.




യോഗത്തിൽ പ്രസ്സ് ക്ലബ്ബ് പ്രസിഡണ്ട് ശ്രീ.കെ.ടി.ശശി, പഞ്ചായത്ത് അസി. ഡയറക്ടർ ശ്രീ.കെ.നാരായണൻ കുട്ടി, സീനിയർ സൂപ്രണ്ടുമാരായ ശ്രീ.എം. ഗോവിന്ദപൊതുവാൾ, ടി.കെ.അരുൺ, ഷാജി ജോസഫ്, വിവിധ സംഘടനാ പ്രതിനിധികളായ ഇ.പി.അബ്ദുള്ള, അശോകൻ എം.കെ, .ജുനൈബ്.സി.എച്ച്. എന്നിവർ ചടങ്ങിന് ആശംസ അർപ്പിച്ചു. ശ്രീ.മോഹനൻ കാനാട് മറുപടി പ്രസംഗം നടത്തി. ശ്രീ.എം.എ. മോഹനൻ നന്ദി രേഖപ്പെടുത്തി.

# കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് പുതിയ സാരഥികൾ









പഞ്ചായത്തുകളുടെ പ്രശ്നങ്ങൾ യഥാസമയം സർക്കാരിൽ എത്തിച്ച് പരിഹാരംകാണുക, സർക്കാർ ഇറക്കുന്ന ഉത്തരവുകൾ, നയങ്ങൾ, നിയമങ്ങൾ എന്നിവ പഞ്ചായത്തിനെ എങ്ങിനെ ബാധിക്കും എന്ന് മനസ്സിലാക്കി തിരുത്താൻ വേണ്ട സംവിധാനമോരുക്കുക, പഞ്ചായത്തുകളുടെ ദൈനംദിന ഭരണ വികസന ക്ഷേമ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് ഉണ്ടാകുന്ന തടസ്സങ്ങൾ ഇടപെട്ട് പരിഹരിക്കുക, അനുകരണീയ മാതൃകകൾ വികസ്സിപ്പിക്കുക, കണ്ടെത്തുക, മറ്റ് പഞ്ചായത്തുകൾക്കു പകർന്ന് നൽകുക തുടങ്ങീ ലക്ഷ്യത്തോടെ 1966ൽ അന്നത്തെ സർക്കാർ രൂപീകരിച്ച സംവിധാനമാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 31-ാം ജനറൽ ബോഡിയോഗവും പുതിയ ഭരണ സമതിയുടെ തെരഞ്ഞെടുപ്പും 2016

മാർച്ച് 02 ന് തിരുവനന്തപുരത്തുള്ള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആസ്ഥാനമന്ദിരമായ അഹമ്മദ്കുരിക്കൾ പഞ്ചായത്ത്ഭവനിൽവച്ച് നടക്കുകയുണ്ടായി. പ്രസ്തുത യോഗം സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.റ്റി മാത്യു പതാക ഉയർത്തി ആരംഭിച്ചു. യോഗത്തിന് ജനറൽ സെക്രട്ടറി ശ്രീ.സൂപ്പി നരിക്കാട്ടേരി സ്വാഗതമർപ്പിച്ചു. മുഖ്യ പ്രഭാഷണ കർമ്മം ഡോ. തോമസ് ഐസക്ക് എം.എൽ.എ നർവ്വഹിച്ചു. പഞ്ചായത്ത് ഡയറക്ടർ ശ്രീമതി.സി.എ ലത ഐ.എ.എസ്, കില ഡയറക്ടർ ഡോ.പി.പി ബാലൻ എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് നടന്നു.

| | |
|---|---|
| പ്രസിഡന്റ് | : അഡ്വ.കെ. തുളസിഭായി പത്മനാഭൻ (കാലടി, പഞ്ചായത്ത് എറണാകുളം ജില്ല) |
| ജനറൽ സെക്രട്ടറി | : അഡ്വ.പി.വിശ്വംഭരപണിക്കർ (ബുധനൂർ, ആലപ്പുഴ ജില്ല) |
| വൈസ് പ്രസിഡന്റ് | : ശ്രീ.എസ്. നാസറുദീൻ (നെടുമ്പന, കൊല്ലം ജില്ല) |
| വൈസ് പ്രസിഡന്റ് | : ശ്രീ.തോമസ് വെക്കത്താനം (ഉദയഗിരി, കണ്ണൂർ ജില്ല) |
| വൈസ് പ്രസിഡന്റ് | : എം.ടി അബ്ദുൾ ജബ്ബർ (വലിയപറമ്പ, കാസറഗോഡ് ജില്ല) |
| സെക്രട്ടറി | : ശ്രീ.കെ.നാരായണൻ (പാപ്പിനിശ്ശേരി കണ്ണൂർ ജില്ല) |
| സെക്രട്ടറി | : ശ്രീ.എച്ച് മുഹമ്മദ് നിയാസ് (ചിങ്ങോലി, ആലപ്പുഴ ജില്ല) |



**അഡ്വ. പി. വിശ്വംഭരപണിക്കർ**
ജനറൽ സെക്രട്ടറി
(ബുധനൂർ, ആലപ്പുഴ ജില്ല)



**അഡ്വ. കെ. തുളസിഭായി പത്മനാഭൻ**
പ്രസിഡന്റ്
(കാലടി, പഞ്ചായത്ത് എറണാകുളം ജില്ല)

# ഗ്രാമലക്ഷ്മി മുദ്രാലയം ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്തു

കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ തിരുവനന്തപുരത്തെ ആഫീസ് മന്ദിരം ക്രൂസ് ചെയർമാൻ ശ്രീ. സൂപ്പി നരിക്കാട്ടേരി ഉദ്ഘാടനം നിർവ്വഹിക്കുന്നു. ക്രൂസ് മാനേജിംഗ് ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറുമായ സി.എ. ലത ഐ.എ.എസ്, വൈസ് ചെയർമാൻ വി.ആർ. രമാദേവി, പഞ്ചായത്ത് അഡീഷണൽ ഡയറക്ടറും ക്രൂസ് സെക്രട്ടറിയുമായ എസ്. ലത, ഡയറക്ടർ ബോർഡ് അംഗം സി.കെ.എസ്. റസാഖ്, കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയം പ്രൊഡക്ഷൻ കൺട്രോളർ ടി. വേണുഗോപാൽ എന്നിവർ സമീപം.






# ഗുഡ് സർവ്വീസ് എൻട്രി ലഭിച്ചു



കുടുംബശ്രീയിൽ സംസ്ഥാന പ്രോഗ്രാം ഓഫീസറായി ജോലി ചെയ്ത കാലയളവിലെ മികച്ച പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദിന് സംസ്ഥാന സർക്കാർ ഗുഡ് സർവ്വീസ് എൻട്രി നൽകി. മാഹി സ്വദേശിയായ ഇദ്ദേഹം ഇപ്പോൾ വാണിമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്

**സുരേഷ് എസ്.പി.**

# നമ്മിലൊരാളിന്റെ നിദ്രയ്ക്കു കാവലായ്

മുളന്തണ്ടിനീണം നിലച്ചു,
നിലാവിന്റെയാ, നീലരാവും മറഞ്ഞു.
കിളിക്കൊഞ്ചലെ മൊടുങ്ങി,
ഇളയെന്തിനോ നിന്നു തേങ്ങി.
ഇനിയാരു പാടിയുണർത്തും
മിഴിയിലാന്ധ്യം കുടിച്ചോരെ!
ഇനിയാരു കാവലായ് നിക്കും
മിഴിയടക്കാതെന്റെ ചാരെ!
ഉടൽ ചുമരിൽ ചേർത്തു കെട്ടുമ്പോ,
ളിടറാതെ നിന്ന മാതാവിൻ
കഥയാരു ചൊറുമെന്നുണ്ണി,
യ്ക്കയവിറക്കാനൊരു മാത്ര!
ഋതുഭേദ മാരിവില്ലഴകീ,
ധരണിക്കു നൽകിയോനീ
പതിയേ നടന്നകലുന്നു-
സൗരമണ്ഡലപ്പെരുവഴി തേടി..
കാവ്യസിംഹാസനാരൂഢൻ-
കവി കാളിദാസാഗിരമേകി
കൈരളിയ്ക്കമൃതം പകർന്നോൻ,
കരൾ മണ്ണിലിട്ടുപോകുന്നു
ഉടലിന്റെ തടവിലൊരു പെങ്ങൾ,
കടൽപോലെയലറി,ക്കരയേ
ഉടവാളുമായെത്തിയോനെ,
ധരയെന്നിതുപോലെ കാണും.
സൂര്യൻ, തരുക്കൾ, നദികൾ,
ഭൂമിചന്ദ്രർ, പുഴകളും  പുല്ലും
പ്രാവുകൾ, പാമ്പുകൾ,  പൂക്കൾ,
പ്രാണനിൽ  കോരിനിറച്ചോൻ,
നിശ്ശബ്ദ ശാന്തമാകുന്നു
നിത്യഗീതത്തിന്റെ വേണു,
നിശ്ചലമായിക്കിടപ്പൂ
നിർമ്മലമാകും മിഴികൾ...

*എച്ച്.സി. മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് എറണാകുളം*



റിക്കാർഡു മുറിയിലെ ഇരുണ്ട വെളിച്ചത്തിൽ പൊടിപിടിച്ചതും ബൃഹത്തുമായ ഫയലിൽ നിന്നിറങ്ങി വന്ന ക്ഷീണിതനായ വൃദ്ധൻ പറഞ്ഞു തുടങ്ങിയ കാര്യങ്ങൾ ഗൗരവത്തോടെ കേൾക്കുവാൻ അപ്പോൾ അയാൾക്കു സമയമില്ലായിരുന്നു.

വളരെ അടിയന്തിരമായി മറുപടി നൽകേണ്ട ഫയൽ സംബന്ധിച്ച തിരച്ചിലിനാണ് റിക്കാർഡ് റൂമിൽ കയറിയത്.വൃദ്ധന്റെ കഥയും താൻ തയ്യാറാക്കുവാൻ പോകുന്ന മറുപടിയും തമ്മിൽ ബന്ധങ്ങൾ ഉണ്ടെന്ന് അയാൾക്കപ്പോൾ തോന്നിയതുമില്ല.പുതുതായി സ്ഥലം മാറിവന്ന അയാൾക്ക് കുടിശിഖയായതും നൽകുവാനുള്ള സമയം കഴിഞ്ഞതുമായ തപാലിന്റെ മറുപടി എത്രയും പെട്ടെന്ന് നൽകുക എന്നതാണ് മുഖ്യം.തിരച്ചിലിനിടയിൽ കിട്ടിയ വൃദ്ധന്റെ ഫയൽ അയാൾ മടക്കി. വൃദ്ധൻ ഫയലിനുള്ളിലേക്കു കയറിപ്പോയി.

മേലാഫീസിൽ നിന്നുള്ള ഓർമ്മക്കുറുപ്പിലെ പരാമർശത്തിൽ ഉടക്കിനിന്ന മനസ്സുമായി അയാൾ മറ്റു ഫയലുകളും പരിശോധിച്ചുകൊണ്ടിരുന്നു.ആ റാക്കിലെ ഒട്ടു മിക്ക ഫയലുകളും പരസ്പരബന്ധമുള്ളതാണെന്ന് അയാൾക്കു തോന്നി.

എല്ലാറ്റിന്റെയും എതെങ്കിലുമൊരു ഭാഗത്ത് നടരാജൻ എന്നൊരു പേര് ലയിച്ചു ചേരാതെ കിടക്കുന്നു.അവയിലൊന്നിൽ നിന്നും തനിക്ക് ആവശ്യമായ ഒരെണ്ണമെടുത്ത് അയാൾ പുറത്തിറങ്ങി തന്റെ ഇരിപ്പിടത്തിലേക്കു നടന്നു.

പാളയംകോട് മാർക്കറ്റിനകത്തുള്ള പൊതു സ്ഥലം കയ്യേറിയതു സംബന്ധിച്ച കാര്യം അന്വേഷിച്ചിരിക്കുന്നതും നടരാജൻ തന്നെ. പല ഓഫീസുകളിലേക്കുമായി നിരവധി ഇടപാടുകൾ നടന്ന ഫയലാണിത്.പൊതുസ്വത്ത് കയ്യേറ്റം വ്യാപകമായ ഇക്കാലത്ത് അത് ഒഴിവാക്കാനായും പൊതുമുതൽ സംരക്ഷണം വ്യവസ്ഥാപിതമാക്കുവാനുമുള്ള നടരാജന്റെ ശ്രമങ്ങൾ വിശദമായി തന്നെയുണ്ട്.


ഇന്നത്തെക്കാലത്ത് ഇത്തരം മുൻകൈകൾ അപൂർവ്വമാണ്.എല്ലാവരും ഒതുങ്ങിക്കൂടാനാണു ശ്രമിക്കുന്നത്. സമൂലമായ മാറ്റം വ്യവസ്ഥയ്ക്ക് ഉണ്ടാകുമെന്നുള്ള പ്രതീക്ഷകൾ ഇന്നാർക്കുമില്ല . അപ്പഴപ്പോൾ ഉണ്ടാകുന്ന സംഭവങ്ങളെ സംബന്ധിച്ച് പുരോഗമനസ്വഭാവത്തിൽ പ്രതികരിക്കുന്നവർ ധാരാളമായുണ്ട് . സോഷ്യൽ കൂട്ടായ്മകൾ വഴിയും അല്ലാതെയും വലിയ പ്രതികരണങ്ങൾ സൃഷ്ടിക്കുന്നുണ്ട്.നിലവിലുള്ള വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് ആ വ്യവസ്ഥയ്ക്കുണ്ടാകുന്ന പരിക്കുകൾ സുഖപ്പെടുത്തുക എന്നതാണ് അറിഞ്ഞോ അറിയാതെയോ അവർ ചെയ്യുന്നത്. വിഗ്രഹങ്ങൾ എറിഞ്ഞുടയ്ക്കാൻ അവരാഗ്രഹിക്കുന്നുമില്ല. അത്തരം ആഗ്രഹങ്ങളുള്ളവർക്ക് അവരുടെ സ്വപ്നങ്ങളിൽ കഠാര കുത്തിയിറങ്ങുന്നതായി തോന്നാറുമുണ്ട് .നഷ്ടപ്പെട്ടുപോയ ഉറക്കം അവരെ വിവശരാക്കുന്നു.ജീവിതശൈലീ രോഗങ്ങളുടെ കെണിയിലകപ്പെട്ട വിപ്ലവകാരികൾ ശിഷ്ടകാലത്തെ ആകുലതയോടെ നോക്കി കാണുന്നതും കുടുംബവും അതിജീവനവും പ്രശ്നങ്ങളായി നിലനിൽക്കുകയും ചെയ്യുമ്പോൾ ഇത്തരം മുൻകൈകൾ കുറഞ്ഞുവരുന്നത് സ്വാഭാവികമാണ്.

മറുപടിയിലേക്കുള്ള യാത്രയ്ക്കിടയിൽ അയാളുടെ മൊബൈൽ ശബ്ദിച്ചു.

പുതിയ ഓഫീസിലെ വിവരങ്ങൾ സുഹൃത്ത് തിരക്കി. വളരെയധികം ദൂരത്തു നിന്നും വീടിന്റെ

# അന്വേഷണം

**ഇടപ്പോൺ അജികുമാർ**



കുറേയടുത്ത് മാറ്റം കിട്ടിയത് എന്താ യാലും നന്നായിയെന്നും ഓഫീസ് കാര്യങ്ങൾ സുഗമമാകും എന്നാണ് പ്രതീക്ഷയെന്നുമുള്ള മറുപടി . സുഹൃത്ത് കുറെയധികം കാര്യങ്ങൾ കൂടി പറഞ്ഞു .കൂട്ടത്തിൽ നടരാജന്റെ കേസുകൾ അവധാനതയോടെ കൈകാര്യം ചെയ്യണമെന്ന ഉപദേശം.

നടരാജനെ എങ്ങനെയറിയാമെന്നുള്ള ചോദ്യം ചിരിച്ചുതള്ളിയ സുഹൃത്തിനോട് പ്രതീക്ഷയറ്റുപോയ സമൂഹത്തിന് ഇത്തരക്കാരെ ആവശ്യമുണ്ടെന്നും ഇന്നാദ്യം കൈകാര്യം ചെയ്തത് നടരാജന്റെ തന്നെ ഒരു ഫയലാണെന്നും പറഞ്ഞു.അടുത്തുതന്നെ നേരിൽ കാണാമെന്ന വാക്കിൽ മൊബൈൽ ഭാഷണം അവസാനിച്ചു.

സ്കൂട്ടർ മുമ്പോട്ടുപോകുമ്പോഴും ഹെൽമറ്റിനുള്ളിൽ നടരാജൻ ഇടം പിടിച്ചു. പൊതു താത്പര്യങ്ങളുയർത്തുന്നത് പലപ്പോഴും അതുളവാക്കുന്ന അമിതമോ അനാവശ്യമെന്നു തോന്നിപ്പിക്കുന്നതോ ആയ ജോലിഭാരം മൂലമോ ജീവനക്കാർക്ക് ഇഷ്ടപ്പെടാത്തതാവും സുഹൃത്തിന്റെ സംഭാഷണത്തിന്റെ ധ്വനി.

വീട്ടിലെ ചാരുകസാരയിൽ അമർന്നിരുന്ന് നേവികട്ടിന്റെ രുചി ആസ്വദിക്കുമ്പോൾ പുകചുരുളുകളിൽ വീണ്ടും വൃദ്ധന്റെ രൂപം.

“സാർ നിങ്ങൾ ഞാൻ പറയുന്നത് ശ്രദ്ധിക്കാതിരിക്കുന്നത് ശരിയല്ല. ഞാൻ വർഷങ്ങളായി നീതിക്കുവേണ്ടിയുള്ള പോരാട്ടം നടത്തുന്നു.താങ്കളുടെ ഓഫീസു മാത്രമല്ല മറ്റു പലരും എന്നെ അനാവശ്യമായി ബുദ്ധിമുട്ടിക്കുകയാണ്. ഇന്നാട്ടിൽ നിയമവും നീതിയുമുണ്ടല്ലോ. പലപ്പോഴും സൗകര്യപ്രദമായി പലതും വിസ്മരിക്കാനാണ് പലരുടെയും ശ്രമം. എന്റെ പ്രായമെങ്കിലും പരിഗണിക്കേണ്ടതല്ലേ.”

പുകചുരുളുകളുടെ ശക്തി കുറയുന്നതനുസരിച്ച് വൃദ്ധന്റെ രൂപം ക്ഷയിക്കുകയും ശബ്ദം അവ്യക്തമാകുകയും ചെയ്തു.

അടുത്ത ദിവസം ആദ്യം കൈകാര്യം ചെയ്യേണ്ടി വന്നത് നടരാജന്റെ ഒരു അപേക്ഷയാണ്.അയാളുടെ കുറച്ചു സ്ഥലവും അവിടെ നിന്നിരുന്ന വൃക്ഷങ്ങളും കയ്യേറി നശിപ്പിച്ചതിനാൽ അവയുടെ നഷ്ടപരിഹാരം ആവശ്യപ്പെടുകയാണ്. റോഡ് വികസന പരിപാടി യുടെ ഭാഗമായി നടരാജന്റെ പട്ടയ വസ്തു മനപ്പൂർവ്വമായി കരാറുകാർ കയ്യേറിയെന്നും വൃക്ഷങ്ങൾ വെട്ടി നശിപ്പിച്ചെന്നുമുള്ള ആവലാതിയുടെ അവസാനം രണ്ടു കോടിരൂപ നഷ്ട പരിഹാരം ആവശ്യപ്പെടുന്നു.

ഇരുന്നൂറു ലക്ഷം രൂപയുടെ നഷ്ടം ആവശ്യപ്പെടുന്ന അപേക്ഷ പരിഹരിക്കുവാനുള്ള ക്ഷമത തനിക്കില്ലെന്ന് അയാൾക്കറിയാം..താരതമ്യേന വസ്തുവിനു വിലക്കുറവുള്ള പ്രദേശം . നഷ്ടപ്പെട്ടെന്നു പറയുന്നത് വയലിനോടു ചേർന്ന സ്ഥലം. അപ്പോൾ ഇത്രയും തുക? എവിടെയോ ചില പൊരുത്തക്കേടുകൾ .

സഹപ്രവർത്തകരോട് കാര്യങ്ങൾ ആരായണം.താനിവിടെ പുതുമുഖമാണ്. റിക്കാർഡു റൂമിലെ ഫയലുകളുടെ പരസ്പര ബന്ധങ്ങൾ സംശയം ജനിപ്പിച്ചിരുന്നു.കയ്യക്ഷരത്തിന്റെ സാദൃശ്യങ്ങൾക്കപ്പുറത്ത് കെട്ടിപ്പിണയുന്ന വാകൃഘടനകൾ . ചോദ്യങ്ങളെയും സംശയങ്ങളയും ആവശ്യങ്ങളെയും !!ഞെരിച്ചമർത്തിയതിന്റെ ചീഞ്ഞ ഗന്ധമുള്ള അവയോരോന്നും അറിവും അഗ്നിയുമായ അക്ഷരങ്ങളുപയോഗിച്ചുള്ള ഓരോ കൊലപാതകങ്ങളായിരുന്നു .

ഉടയ്ക്കാനും ഉലയ്ക്കാനുമുള്ള ഭാഷയുടെ ശക്തി അയാളിൽ അത്ഭുതമുളവാക്കി.

ഉച്ച ഭക്ഷണത്തിന് ഒരുമിച്ചിരിക്കുമ്പോൾ അയാളുടെ സംശയങ്ങളിൽ അവർ നിസ്സംഗതയോടെ ചിരിച്ചു.നടരാജനുണ്ടായ നഷ്ടം എന്നേ പരിഹരിച്ചതാണെന്നും പരാതികളിലും അപേക്ഷകളിലും അഭിരമിക്കുകയും അവ പകരുന്ന ആത്മരതിയുടെ ആനന്ദത്തിലാണ് നടരാജനെന്നുമുള്ള അഭിപ്രായങ്ങളിൽ അവരെല്ലാവരും യോജിച്ചു . പൗരൻമാർക്കു ഭരണകൂടം നൽകുന്ന സൗജന്യ സൗകര്യങ്ങളുപയോഗിച്ച് ജീവനക്കാർക്ക് കെണിയൊരുക്കുന്ന അതിക്രൂരമായ വിനോദത്തിലേർപ്പെട്ടിരിക്കുന്ന നടരാജനെ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്നും അതിനുള്ള ഉപാധികൾ റാക്കിലെ ഫയലുകളിൽ തന്നെയുണ്ടെന്നും അവർ സംയുക്തമായി ഉപദേശിച്ചു. ഇരുന്നൂറു ലക്ഷം രൂപ പോയിട്ട് ഇരുപത്തായിരം പോലുമുള്ള നഷ്ടമുണ്ടായിട്ടില്ല എന്നവർ സ്ഥാപിച്ചു .

എന്തായാലും മറ്റു മാർക്ഷങ്ങളില്ലാത്തതിനാൽ നടരാജന് നഷ്ട പരിഹാരം നൽകുവാൻ കഴിയില്ലെന്ന് ഫയലിൽ കുറിച്ചു. നഷ്ടം ഏതനുപാതത്തിലായാലും അതിനു കാരണമായത് ഈ ഓഫീസിലെ ഇടപെടലുകളല്ലെന്നും നഷ്ടം എപ്രകാരമുണ്ടായതാണെന്ന് കണ്ടുപിടിക്കേണ്ട ഉത്തരവാദിത്വം തനിക്കില്ലെന്നും അയാൾ ഫയലിൽ എഴുതി.

അദാലത്തിൽ പങ്കെടുക്കുവാൻ കോടതിവരാന്തയിൽ നിൽക്കുമ്പോഴാണ് അയാൾ നടരാജനെ നേരിൽ കാണുന്നത്.ഇരുണ്ട നിറം. പ്രായത്തിന്റെ അവശതയും കഷ്ടപ്പാടുകളുടെ കരച്ചിൽ ശേഷിപ്പുകളും മുഖത്ത് തെളിയുന്നു. മുൻപൊരിക്കൽ ഫയലിൽ നിന്നിറങ്ങിവന്ന അതേ വൃദ്ധൻ . പരിചയ ഭാവത്തിൽ ചിരിച്ചു. ഒരു തുണിസഞ്ചി നെഞ്ചോടമർത്തി അദ്ദേഹം കഷണ്ടിയിലെ വിയർപ്പുതുള്ളികൾ വലതു കൈകൊണ്ടു തുടച്ചു.

“നിങ്ങളൊക്കെ വലിയ ദ്രോഹമാണ് ചെയ്യുന്നത്.ഞാൻ നിങ്ങളുടെ സ്വകാര്യ സമ്പാദ്യമല്ല ചോദിച്ചത്. സർക്കാരിൽ നിന്നും എനിക്ക് എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നതു തടഞ്ഞാൽ നിങ്ങൾക്കെന്തെങ്കിലും പ്രയോജനമുണ്ടോ?”

“ചേട്ടാ നിങ്ങൾ വല്ലാതെ തെറ്റിദ്ധരിച്ചിരിക്കുന്നു .റോഡ് വികസന പരിപാടി നടത്തിയത് വികസന അതോറിട്ടിയാണ് . പട്ടയ വസ്തു കൈയ്യേറിയ സംഭവമുണ്ടെങ്കിൽ നഷ്ട പരിഹാരം നൽകേണ്ടതും ഞങ്ങളുടെ ഓഫീസല്ല. മാത്രമല്ല രണ്ടു കോടി രൂപ യുടെ നഷ്ടം ഒരു കാരണവശാലും അവിടെ സംഭവിക്കാനിടയില്ല. താങ്കൾ ആവശ്യപ്പെട്ടു എന്ന കാരണത്താൽ പൊതു ഖജനാവിൽ നിന്നും അത്രയും തുക അനുവദിച്ചു നൽകുവാനായി ശുപാർശ ചെയ്യുവാൻ എനിക്കു കഴിയില്ല.അതിനുള്ള അധികാരം എനിക്കൊട്ടില്ല താനും..അതിൽ താങ്കൾ ഖേദിക്കുന്നതോ കോപിക്കുന്നതോ ഞാൻ കാര്യമാക്കുന്നില്ല.”

“സാർ എല്ലായിടത്തും വസ്തുവിന് ഒരു വിലയാണോ? എന്റെ പട്ടയ വസ്തുവിന്റെ വില നിർണ്ണയിക്കാനുള്ള അധികാരം എനിക്കു

തന്നെയാണ്.ഞാൻ ആരുടെയും ഔദാര്യത്തിനു കാക്കുന്നില്ല. റോ!ഡ് പദ്ധതി നടപ്പിലാക്കിയവർ  മനസ്സിൽ ആഴത്തിലുള്ള മുറിവാണുണ്ടാക്കിയത്. എനിക്ക് വളരെ വിലപ്പെട്ട മണ്ണാണ് ഒരു കാരണവുമില്ലാതെ  വെട്ടിയൊഴുക്കിയത്. കാര്യം അന്വേഷിച്ച എന്നെ കളിയാക്കി .അന്വേഷണങ്ങളെ കൊലപ്പെടുത്തുന്നത് ലോകത്ത് ഇതാദ്യമല്ലെന്ന് എനിക്ക് അറിയാം.ആരെയും ഞാൻ വെറുതെ വിടുകയില്ല."

കേസിന്റെ നമ്പർ കോടതി ശിപായി വിളിച്ചു. ഞങ്ങൾ  മജിസ്ട്രേറ്റിന്റെ ഇരുവശങ്ങളിലായിട്ടുള്ള കസാലകളിൽ ഇരുന്നു . ഈ കേസിൽ എന്തു ചെയ്യാൻ കഴിയുമെന്ന് കോടതി ആരാഞ്ഞു.

"ശ്രി നടരാജന്റെ സ്ഥലത്തിന്റെ കുറെ ഭാഗം  റോഡ് വികസന പരിപാടി നടപ്പിലാക്കിയപ്പോൾ റോ!ഡായി മാറിയിരുന്നു . ഈ കോടതിയുടെ ഇടപെടലുകളുടെ കൂടി ഭാഗമായി സ്ഥലം തിരികെ നൽകിയിട്ടുണ്ട്.എന്നാൽ അവിടെ കരിങ്കല്ലു ഭിത്തി കെട്ടി നൽകണമെന്ന ഇപ്പോഴത്തെ ആവശ്യം നടത്തിക്കൊടുക്കുന്ന കാര്യത്തിൽ ഉചിത നിർദ്ദേശത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവില്ലാതെ ഞങ്ങളുടെ ഓഫീസിന് ഒന്നും ചെയ്യാൻ കഴിയില്ല."

ഫയലുകൾ കൊലപാതകങ്ങളുടെ സാക്ഷ്യപ്പെടുത്തലുകളാകാം.പക്ഷെ രേഖകളുടെ ശബ്ദമാകാനേ എനിക്കു സാധിക്കുമായിരുന്നൊള്ളു..

കോടതിയുടെ പരാമർശം ഉണ്ടാകുന്നതിനു മുൻപേ തീതുപ്പുന്ന കണ്ണുകളുമായി നടരാജൻ പ്രതിരോധിച്ചു.

"സർ, കഴിഞ്ഞ ഒരു ദശകക്കാലമായി ഞാൻ നടത്തി വരുന്ന നൈതിക സമരമാണിത്.ഡിപ്പാർട്ടുമെന്റലിസം സൃഷ്ടിച്ചത് ചില നല്ല ഉദ്ദേശത്തോടെയാണ്. പക്ഷേ, പൗരന്റെ ന്യായമായ ആവശ്യത്തെ തല്ലിക്കെടുത്തുവാൻ എല്ലാ വകപ്പുകളും മത്സരിക്കുകയാണ്.ഏത് ഓഫീസിൽ അപേക്ഷ നൽകിയാലും അവരെ ബാധിക്കുന്ന വിഷയമല്ലെന്നും  മറ്റൊരു വകുപ്പിനെ സമീപിക്കണമെന്നുമാണ് മറുപടി . വിവരാവകാശ നിയമം വന്നതിനു ശേഷമെങ്കിലും വിവരങ്ങൾ ലഭിക്കുമെന്നു കരുതി. ഒരു പൊതു അധികാര സ്ഥാനത്തു നിന്നും മറ്റൊന്നിലേക്ക് വിവരങ്ങൾക്കായി എന്റെ അപേക്ഷകൾ ആമുഖ കത്തുകൾ സഹിതം പലായനം ചെയ്യപ്പെട്ടു കൊണ്ടിരുന്നു. താങ്കളുടെ അപേക്ഷ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാനായി ഇന്ന പൊതു അധികാരസ്ഥാനത്തിലേക്ക് അയച്ചിട്ടുണ്ടെന്നുള്ള അറിയിപ്പുകളാൽ എന്റ മാറാപ്പുകൾ സമൃദ്ധമായി . ആവലാതികൾ കാലപ്പഴക്കത്താൽ പിഞ്ചിക്കീറി . അറിവുകൾ മനപ്പൂർവ്വമായി കണ്ണടച്ചിരിക്കുന്നു. നീതി നിഷേധത്തിനെതിരെ കോടതി ഇടപെടണം.വെറും ഒഴിവുകഴിവുകൾ നിരത്തുന്ന ഇവരുടെ കൈമലർത്തലുകളെ ക്രിമനൽ കുറ്റമായി കാണണം. ഉത്തരവാദികളിൽ നിന്നും നഷ്ടം ഈടാക്കി തരണം."

സർക്കാർ ഉത്തരവു വരെ കാത്തുനോക്കാം എന്ന കോടതിയുടെ നിർദ്ദേശം നടരാജന് തൃപ്തി നൽകിയില്ല.പരാതി പരിഹാരത്തിന്റെ  ജുഡീഷ്യലും സെമി ജുഡീഷ്യലുമായ നിരവധി വേദികളിൽ കയറിയിറങ്ങിയതിന്റെ മരവിപ്പ് അയാളുടെ രക്തത്തിലൂടെ ഊർന്നിറങ്ങുന്നതായി തോന്നി. അദാലത്തുകളിൽ  ഉഭയ സമ്മതത്തോടെ മാത്രമേ  തീർപ്പുകൾ സൃഷ്ടിക്കുവാൻ കഴിയൂവെന്ന മജിസ്ട്രേറ്റിന്റെ  അഭിപ്രായത്തിനു ചെവി കൊടുക്കുവാൻ നിൽക്കാതെ അയാൾ , ഒരു വേള പുറത്തെടുത്ത കടലാസ്സു കെട്ടുകൾ വീണ്ടും തുണി സഞ്ചിയിൽ നിക്ഷേപിച്ച് പുറത്തേക്കു നടന്നു.

ഇടവപ്പാതിയുടെ ചീറ്റലുകളിൽ ഔദ്യോഗിക വാഹനത്തിന്റെ അകത്തേക്ക് മഴത്തുള്ളികൾ വീണുകൊണ്ടിരുന്നു. ഒരു കണക്കിന് ഇയാളുടെ കാര്യം കഷ്ടമാണെന്നുള്ള  ഡ്രൈവറുടെ അഭിപ്രായത്തിനിടയിൽ അയാൾ ഗ്ലാസ്സ് ഉയർത്തി .

"സാധാരണക്കാരനു നീതി ലഭിക്കാത്തതു മാത്രമല്ല,വികാരശൂന്യമായ സമീപനത്തിന്റെ വിഷയം കൂടിയാണ്.ആവശ്യമായ കാര്യങ്ങൾക്കിടയിലൂടെ ആവശ്യമില്ലാത്തതെന്ന് പലർക്കും തോന്നാവുന്ന കാര്യങ്ങളും നടരാജന്റെ അപേക്ഷകളിൽ കടന്നുവരുന്നു.സ്ഥലം നഷ്ടപ്പെട്ടെങ്കിൽ അതിനെക്കുറിച്ചു മാത്രമല്ല റോഡു പണിയുന്നതിനിടയിൽ എത്ര ചതുരശ്ര അടി മണ്ണാണ് തന്റെ വസ്തുവിൽ നിന്നും എടു



ത്തത് ,എത്ര വൃക്ഷത്തൈകളാണ് വെട്ടിവീഴ്ത്തിയത്, വെട്ടിവീഴ്ത്തിയ തൈകൾ അമ്പതു വർഷം കഴിഞ്ഞാൽ എത്ര വലിപ്പത്തിൽ വളരുമായിരുന്നു,അപ്പോൾ അവയ്ക്ക് എത്രരൂപ വിലമതിക്കുമായിരുന്നു എന്നിവയെക്കുറിച്ചുള്ള അന്വേഷണങ്ങളും വിവരാവകാശങ്ങളിൽ കുത്തിനിറയ്ക്കുന്നു . പലപ്പോഴും ദീർഘമായ ഇടപാടുകളിലേക്ക് ഓരോ ഫയലുകളും പോകുന്നു.കരാറുകാരനെയല്ല ജീവനക്കാരെയാണ് ഇതു ബാധിക്കുക.അതിനാൽ തന്നെ അവരെല്ലാം ഇയാൾക്കെതിരാകുന്നു.ഫയലുകളുടെ നീളം കൂടുന്നതിനനുസരിച്ച് നീതിയിലേക്കുള്ള അകലവും കൂട്ടുന്നു. അമ്പെയ്ത്തു പരിശീലനത്തിൽ അർജുനൻ കിളിയുടെ കണ്ണാണു കണ്ടതെങ്കിൽ നടരാജൻ സർക്കാരിന്റെ വിവിധ വകുപ്പുകളും എജൻസികളും എണ്ണമറ്റ ഓഫീസുകളും കാണുന്നു."

ഒഴുകിപ്പരക്കുന്ന വെള്ളംമൂലം റോഡിന്റെ സ്ഥിതി കാണാത്തതിനാലാണോ അതോ സംഭാഷണത്തിൽ ഡ്രൈവർ അഭിരമിച്ചതിനാലാണോ വാഹനം ഒരു ഗട്ടറിൽ വീണപ്പോൾ അയാൾ സീറ്റിൽ നിന്നും മുന്നോട്ടു തെറിച്ചു.

നനുത്ത മഞ്ഞുപാളികൾ ഗ്ലാസ്സിനെ മൂടിയിരിക്കുന്നു. മഞ്ഞിൽ വാഹനത്തിന്റെ ഗ്ലാസ്സ് വെള്ളിത്തിരപോലെയായി. ദൃശ്യങ്ങളിൽ കട്ടിഫ്രെയിമുള്ള കണ്ണട ധരിച്ച വൃദ്ധൻ എഴുതുകയാണ്.

വളരെ പരിചിതമായ കയ്യക്ഷരത്തിലേക്ക് സൂക്ഷിച്ചു നോക്കി.

"റോഡ് വികസന പരിപാടി നടപ്പിലാക്കിയത് ഒരു സാധു മനുഷ്യന്റെ ഓർമ്മകളെ കശാപ്പു ചെയ്യാൻ വേണ്ടിയാണോ. നിങ്ങൾ കവർന്നെടുത്ത മണ്ണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. ഒപ്പം ജനിക്കുകയും വളരുകയും ചെയ്തവനെ മായ്ചു കളഞ്ഞ മണ്ണാണ്. എന്റെ വിഷമതകൾ ലയിച്ചലിയിക്കേണ്ട മണ്ണ് നിങ്ങൾ അപഹരിച്ചു.ആർക്കും ദ്രോഹമില്ലാതെയാണ് ഞാനിതുവരെയും ജീവിച്ചത്. ഏവരുടെയും നൻമയായിരുന്നു എന്റെ പ്രാർത്ഥനകളുടെ ജീവൻ. എന്നിട്ടും..."

കണ്ണട എടുത്തുമാറ്റി വൃദ്ധൻ കണ്ണുനീർ തുടച്ചു.തുണി സഞ്ചി തുറന്ന് കുറെ പേപ്പറുകൾ പുറത്തെടുത്തു.ഘനീഭവിച്ച മൗനത്തിനൊടുവിൽ എഴുതിയത് കീറിക്കളഞ്ഞ് നടരാജൻ മറ്റൊരു കടലാസ്സിൽ എഴുതി തുടങ്ങി.അക്ഷരങ്ങൾ അവ്യക്തമാകുന്നു. പരാതികളായി , അപേക്ഷകളായി അക്ഷരക്കൂട്ടങ്ങൾ വളരുന്നുണ്ടാകും.വൃദ്ധന്റെ മുഖത്ത് ഗൗരവം കത്തി കയറുന്നുണ്ട് . തോൽക്കാൻ മനസ്സില്ലാത്തവന്റെ ഭാവം.ഇടയ്ക്കിടയ്ക്ക് സഞ്ചിയിലെ കടലാസ്സുകൾ മറിച്ചു നോക്കുന്നു.

ഇടയ്ക്കെപ്പോഴോ ഓൺചെയ്ത വൈപ്പർ മഞ്ഞുപാളികളെയും വൃദ്ധനെയും തുടച്ചു മാറ്റി.

നടരാജന്റെ പരാതികൾ പരിഹരിക്കപ്പെടേണ്ടതാണെന്ന് അയാൾക്കു തോന്നി.ഉണ്ടായതോ ഉണ്ടാക്കപ്പെട്ടതോ ആയ പ്രശ്നങ്ങളെ അവയുടെ വഴിക്കു വിടാം.ഒരാളിന്റെ വിഷമതകൾ അകറ്റാൻ കഴിയുന്നതാണ് പ്രധാനം.അയാൾ നടരാജനെ വിളിച്ചു. സ്വകാര്യമായി കാണണമെന്ന് ആവശ്യപ്പെട്ടു.നഷ്ടപ്പെട്ട സ്ഥലത്തിന്റെ അടുത്തു വെച്ചാണ് അവർ കണ്ടത്.

നടരാജനെ കണ്ട ഉടനെ അയാൾ ഹാർദ്ദവമായി ചിരിച്ചു കൊണ്ടു പറഞ്ഞു

"നിങ്ങൾ എന്നെ വിടാതെ തുടരുകയാണ്.എന്റെ സ്വകാര്യതകളിൽ നിങ്ങൾ കടന്നു വരുന്നു.നഷ്ടപ്പെട്ട മണ്ണിനോടുള്ള നിങ്ങളുടെ അഭിനിവേശം എനിക്ക് ബോദ്ധ്യപ്പെടുന്നു. നിങ്ങളെ ഏതു വിധത്തിലെങ്കിലും സഹായിക്കണമെന്നാണ് എന്റെ ആഗ്രഹം. നിയമത്തിന്റെ ഏതെങ്കിലും പഴുതുകളുണ്ടോ എന്ന് ഞാൻ വീണ്ടും പരിശോധിക്കാം.എന്താണ് താങ്കളുടെ ആവശ്യം. മണ്ണാണോ അതോ നഷ്ടപരിഹാരമാമോ.തുറന്നുപറയുക.ചട്ടക്കൂടുകളിൽ നിന്നു മാത്രമേ എനിക്കു പ്രവർത്തിക്കാനാവൂ.എന്നിരിന്നാലും മേലധികാരികളുടെയും സർക്കാരിന്റെയും മുമ്പിൽ നിങ്ങളുടെ ന്യായമായ ആവശ്യം സാധിച്ചെടുക്കുവാൻ ഞാൻ പരിശ്രമിക്കുന്നതാണ്."

നടരാജൻ എല്ലാം കേട്ട് നിസ്സംഗനായിരുന്നു. അയാളുടെ നിശ്ശബ്ദതയ്ക്കുമുകളിലൂടെ കാറ്റ് വീശിത്തുടങ്ങി.റോഡിലേക്ക് വെട്ടിവീഴ്ത്തപ്പെട്ട മൺതരികൾ ഓരോന്നായി കാറ്റിന്റെ വേഗത്തിലേക്ക് എറിയപ്പെട്ടു.ചുഴലിയിലേക്കുള്ള പരിണാമത്തിനിടയിൽ കാറ്റ് നടരാജന്റെ കരച്ചിൽപ്പാടുകൾ തൂത്തെറിഞ്ഞു. നിസ്സംഗതയിൽ നിന്നും ഉന്മാദത്തിലേക്കുള്ള വഴിയിൽ അട്ടഹാസങ്ങൾ പെയ്തു തുടങ്ങിയിരുന്നു. കൂനയായി മാറുന്ന മൺതരികൾക്കിടയിലേക്ക് തുണി സഞ്ചിയിലെ കടലാസ്സുകൾ കീറിയെറിയപ്പെടുന്നു. പൊടി പടലങ്ങൾ ഉയർന്നു പൊങ്ങി.കാറ്റിന്റെ ഇരമ്പവും നടരാജന്റെ അട്ടഹാസവും കനത്തു വന്നു.അയാളിൽ ഭയാശങ്കകൾ വളർന്നു.അവിടെ നിന്നും രക്ഷപെടണമെന്ന് അയാളാഗ്രഹിച്ചു. വീശിയടിക്കുന്ന ചുഴലിയിലകപ്പെടാതെ വളരെപ്പാടുപെട്ട് ആയാൾ ഓഫീസിലേക്ക് ഓടിയെത്തി .

ദൗത്യം പരാജയപ്പെട്ടതിന്റെ ഖേദം അയാളെ അലട്ടിയില്ല.തിമിർത്താടിയുറയുന്ന കാറ്റിൽ നിന്നും രക്ഷനേടിയതിന്റെ ആശ്വാസത്തിൽ റിക്കാർഡു റൂമിലെത്തി.

പ്രജ്ഞകൾക്കും ഫയലുകൾക്കും മുകളിൽ വൃദ്ധന്റെ സംഹാര നടനം.

റാക്കുകളും അലമാരികളും ഭേദിക്കപ്പെടുന്നു.കടലാസ്സുകൾ അന്തരീക്ഷത്തിൽ പാറി നടക്കുന്നു.വൃദ്ധന്റെ അട്ടഹാസങ്ങൾക്കിടയിൽ മൺകൂനകൾ വിഭജനത്തിനുമുമ്പുള്ള പൂർവ്വസൂരികളെ കണ്ടെത്തുന്നു. അവരുടെ വേർപാടിനൊടുവിലെ ഒത്തു ചേരലുകൾക്കിടയിലൂടെ ചുഴലി പെയ്തിറങ്ങുന്നു.വൃദ്ധന്റെ കണ്ണുകളിൽ തീപ്പൊരികൾ .

കരിയും പുകയും നിറഞ്ഞ റിക്കാർഡു റുമിൽ ശ്വാസ തടസ്സം നേരിട്ട അയാൾ കുഴഞ്ഞു വീണു.ഭൂമി കലങ്ങി മറിയുന്നു.മടിയിലേക്കു പറന്നു വന്ന കടലാസ്സിൽ അയാൾ സൂക്ഷിച്ചു നോക്കി.

കാറ്റിൽ എത്ര ഫയലുകൾ നശിപ്പിക്കപ്പെട്ടു എന്നതന്വേഷിക്കുന്ന നടരാജന്റെ അപേക്ഷ.

അട്ടഹാസം മുരൾച്ചയാകുന്നു. പ്രവേഗം നഷ്ടപ്പെട്ട കാറ്റ് വിഭജനത്തിലേക്കു പോയി.റിക്കാർഡു റൂമിൽ നിന്നും പുക ഒഴിഞ്ഞു പോകുന്നു.

അയാളുടെ പേന മറ്റൊരു കൊലപാതകത്തിന് തയ്യാറെടുത്തു തുടങ്ങി.

*പാമ്പാടുമ്പാറ ഗ്രാമപഞ്ചായത്തിൽ അസി. സെക്രട്ടറിയാണ് കഥാകാരൻ*

# സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2016












# സംസ്ഥാനതല പഞ്ചായ











# ത്ത് ദിനാഘോഷം 2016





Puzhekadavil
ADLUX International
Convention & Exhibition Centre
















ശ്രീ. ഉമ്മൻ ചാണ്ടി
ശ്രീ. ഡോ. എം.കെ. മുനീർ








പഞ്ചായത്ത് ദിനാഘോഷം 2016







സംസ്ഥാനതല
പഞ്ചായത്ത്
ദിനാഘോഷം
2016




സംസ്ഥാനതല
പഞ്ചായത്ത് ദിനാഘോഷം
2016
സമാപന സമ്മേളനം







# വാർത്തകളും വിശേഷങ്ങളും

## അങ്കനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം വർദ്ധിപ്പിച്ചു.

സംസ്ഥാനത്ത അംഗനവാടികളിൽ ജോലിചെയ്തു വരുന്ന വർക്കർക്ക് നൽകുന്ന ഹോണറേറിയം 6600/- രൂപയിൽ നിന്നും 10,000/- രൂപയായും ഹെൽപ്പർമാർക്ക് നൽകുന്ന ഹോണറേറിയം 4100/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിച്ചു. ടി വർദ്ധനവിന് 01.04.2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

സ.ഉ.(എം.എസ്.) നം. 21/2016/സ.നീ.വ.തീ.25.02.2016

## നിർത്തലാക്കിയ വികസന അതോറിറ്റികൾ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്തിരുന്ന വായ്പാ കുടിശ്ശിക തീർത്ത് ഉപഭോക്താക്കളുടെ ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

കേരള നഗര, ഗ്രാമവികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പയുടെ മുഴുവൻ കുടിശ്ശികയും പൂർണ്ണമായും ഒടുക്കിയെങ്കിൽ മാത്രമേ നിർത്തലാക്കിയ ആലപ്പുഴ വികസന അതോറിറ്റി മുഖേന കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പയെടുത്ത വിവിധ പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ ആധാരം തിരികെ നൽകാൻ കഴിയുമായിരുന്നുള്ളൂ. വായ്പ കുടിശ്ശിക 2014-15 ലെ വാർഷിക പദ്ധതിയിൽ ചെലവാകാത്ത തുകയിൽ നിന്നും തിരിച്ചടയ്ക്കുന്നതിനും ഇനിയും തിരിച്ചടയ്ക്കാനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടി കുടിശ്ശിക തീർത്ത് ഗുണഭോക്താക്കൾക്ക് ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.

സ.ഉ. (സാ ധ) നം: 657/2016/തസ്വഭവ തി. 17.2.2016

## ജവഹർഭവന പദ്ധതി

ഇടുക്കി ജില്ലയിലെ ജവഹർഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ഭൂമിയുടെ പട്ടയമോ കൈവശാവകാശ രേഖയോ ഇല്ലാത്ത അവസരത്തിൽ 8 വർഷമായി അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിര താമസക്കാരനാണെന്ന് റവന്യൂ അധികാരികളുടെ (വില്ലേജ് ഓഫീസർ) സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വീട് നൽകുന്നതിനുള്ള അനുവാദം നൽകി ഉത്തരവായി.

സ.ഉ.(സാ ധ) നം: 585/16 തസ്വഭവ. തി 12.02.2016

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക, ധനകാര്യപത്രികകൾ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് ഇ-സബ്മിഷൻ നടപ്പിലാക്കി.

1994-ലെ കേരള ലോക്കൽഫണ്ട് ആക്ട് വകുപ്പ് 9 പ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങളും ഓരോ വർഷത്തെയും വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. 2015-16 വർഷം മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യപത്രികകൾ നിലവിലുള്ള രീതിയിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് മാന്വലായി സമർപ്പിക്കുന്നതിന് പുറമെ എയിംസ് സോഫ്റ്റ്വെയർ മുഖേന ഇ-സബ്മിഷനും നടത്തേണ്ടതാണെന്ന് ഉത്തരവായി.

സ.ഉ.(എം.എസ്.)നം. 30/2016/തസ്വഭവ തി. 09.02.2016

## നിയസഭാ പൊതുതെരഞ്ഞെടുപ്പ് 2016 തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് പാസാക്കുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 04.03.2016 മുതൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ തുടർന്നു വരുന്ന പദ്ധതികൾക്കും, ശമ്പളം, ദൈനംദിന ചെല

വുകൾ തുടങ്ങിയവയ്ക്കുള്ള വിഹിതം മാത്രമേ ഉൾപ്പെടുത്താവൂ എന്ന് എല്ലാ പ്രാദേശിക സർക്കാരുകൾക്കും കർശന നിർദ്ദേശം നൽകി സർക്കുലർ പുറത്തിറങ്ങി.

## എയ്ഡ്സ് ബാധിതരായ കുട്ടികളുടെ പുനരധിവാസത്തിന് ഗ്ലോബൽ കേരളാ ഇനിഷ്യേറ്റീവ് കേരളീയം നടപ്പാക്കുന്ന പദ്ധതികളുടെ ധനശേഖരണാർത്ഥം എയ്ഡ്സ് ബോധവൽക്കരണ സ്റ്റാമ്പുകൾ വാങ്ങുന്നതിന് നഗരസഭകൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ്.

എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും ആശ്വാസമെത്തിക്കുന്നതിനുമായി പ്രവർത്തിക്കുന്ന സംഘടനയാണ് ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ് കേരളീയം. 24.09.11 ലെ 2203/2011 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്തെ നഗരസഭകൾക്കുകൂടി പങ്കാളിത്തമുള്ള സൗജന്യ ചികിത്സാ ക്യാമ്പ്/ചികിത്സാ പദ്ധതികൾ തുടങ്ങിയവയ്ക്കായി മാറ്റിവച്ചിട്ടുള്ള ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ എയ്ഡ്സ് രോഗം ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യപരിപാലന ചെലവുകൾക്കായി 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയിൽ കുറയാത്ത തുകയ്ക്കുള്ള എയ്ഡ്സ് ബോധവൽക്കരണ സ്റ്റാമ്പുകൾ വാങ്ങി കേരളീയത്തിന്റെ എച്ച്.ഐ.വി. പുനരധിവാസ പദ്ധതിയെ സഹായിക്കുന്നതിന് നഗരസഭകൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ.(സാധാ)നം.835/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 26.2.2016

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാൽ പല തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രസ്തുത ആനുകൂല്യം നൽകുന്നതിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ ചുവടെ ചേർക്കുംവിധം സ്പഷ്ടീകരണം നൽകി ഉത്തരവായിരിക്കുന്നു.


- നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്.
- വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ നൽകേണ്ടത്.
- ബി.പി.എൽ. കുടുംബമായിരിക്കണം.
- നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.
- നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.
- നിലവിലുള്ള ഒരു മുറി പഠനമുറിയാക്കുകയല്ല, പുതിയ മുറി നിർമ്മിക്കുകയാണ് വേണ്ടത്.
- എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുക്കണം.
- മെഷർമെന്റ് അടിസ്ഥാനമാക്കി പരമാവധി 1 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ഈ ഇനത്തിൽ ധനസഹായം ലഭിച്ചവർ വീണ്ടും തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്ന് ധനസഹായം ലഭിക്കാൻ അർഹരല്ല. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥനിൽ നിന്ന് ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

സ.ഉ.(സാധാ)നം.626/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 15.02.2016

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **March 2016**
Annual Subscription ₹120/-, Published on 20th **March 2016**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**




Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS